Mr. Dy. Speaker: Now the question before the House is whether leave be granted to introduce the City Municipal Act (Amendment) Bill 1950 by Sri. C. V. Iyyu.

Sri. C. V. Iyyu: Sir, I want to reply. Some amendment has to be made.

Mr. Dy. Speaker: No reply is allowed at this stage.

The motion was lost

RESOLUTIONS

Resolution regarding study of Co-operation and Agriculture as optional subjects in High School Classes

ശ്രീ. കെ. കെ. വിശ്വനാഥൻ: "അടുത്ത സ്കൂൾവർഷംമുതൽ ഹൈസ്കൂൾക്ലാസുകളിൽ സഹകരണം കൃഷി എന്നിവ ഐച്ഛികവിഷയങ്ങളായി പഠിപ്പിക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നും ഈ സർക്കാർ ഗവൺമെണ്ടിനോടാവശ്യപ്പെടുന്നു". ഈ പ്രമേയം അവതരിപ്പിക്കുന്നതിനു ഞാൻ ഉദ്ദേശിച്ചതു് ഈ രണ്ടു വിഷയങ്ങളും ഈ സംസ്ഥാനത്തെ ഹൈസ്കൂൾ ക്ലാസുകളിൽ പഠിപ്പിക്കേണ്ട ആവശ്യമുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നതുകൊണ്ടാണു്. പ്രമേയത്തിൽ ഈ രണ്ടുവിഷയങ്ങളും ഐച്ഛികവിഷയങ്ങളായി പഠിപ്പിക്കണമെന്നാണു് പറഞ്ഞിട്ടുള്ളതു്. എന്നാൽ ഇന്നു ഹൈസ്കൂൾക്ലാസുകളിൽ ഐച്ഛികവിഷയങ്ങൾ എടുത്തു പഠിപ്പിക്കുന്ന രീതി നിലവിലിരിക്കുകയാണു്. അതുകൊണ്ടായിരിക്കാം എന്റെ രണ്ടു സ്നേഹിതന്മാർ ഈ പ്രമേയത്തിനു് ഒരു ഭേദഗതി അയച്ചിട്ടുള്ളതു്. ഐച്ഛികമെന്നുള്ളതും നിർബന്ധിതമെന്നാക്കണം എന്നുള്ളതാണു് ഭേദഗതി. ഐച്ഛികവിഷയമായി പഠിപ്പിക്കുന്നതിനു് ഗവൺമെണ്ടിനു നിർബ്ബന്ധമില്ലെങ്കിൽ നിർബന്ധിതവിഷയമായി പഠിപ്പിക്കുന്നതിനും എനിക്കു വിരോധമില്ല. ഈ പ്രമേയം ഈ നിയമസഭയിലേക്കു് അയക്കുന്ന അവസരത്തിൽ എനിക്കുണ്ടായിരുന്നതിനേക്കാൾ കൂടുതൽ ഉത്സാഹം ഇപ്പോൾ ഇതു അവതരിപ്പിക്കുന്ന സന്ദർഭത്തിൽ തോന്നുന്നുണ്ടു്. കാരണം, ഏതാനും നിമിഷങ്ങൾക്കുമുമ്പു് ഈ സഭയിലെ ബഹു. മെമ്പറന്മാരുടെ മേശപ്പുറത്തു വച്ചിട്ടുള്ള ട്രാവൻകൂർ കൊച്ചിൻസർവ്വീസ് രണ്ടാം ലക്കത്തിൽ നമ്മുടെ വിശ്വസ്തയായ കൃഷി ഒരു അദ്ധ്യയനവിഷയമായി സ്വീകരിക്കാൻ ഒറീസാ ഗവൺമെണ്ടു തീരുമാനിച്ചിരിക്കുന്നുവെന്നു് ഇൻഡ്യാഗവൺമെണ്ടിന്റെ ഒരു റിപ്പോർട്ടിൽ കാണുന്ന എന്നുള്ള ഒരു വാർത്ത പ്രസിദ്ധീകരിച്ചിട്ടുണ്ടു്. "വിദ്യാർത്ഥികളുടെയിടയിൽ കൃഷിയെ സംബന്ധിച്ചു് താല്പര്യം വളർത്തുന്നതിനായി ഹൈസ്കൂളുകളിൽ കൃഷി ഐച്ഛികവിഷയമായി ഏർപ്പെടുത്താൻ ഒറീസാ ഗവൺമെണ്ടു ഉദ്ദേശിക്കുന്നതായി മുക്ഷ്യാൽപ്പാദനം സംബന്ധിച്ചു ഇൻഡ്യാഗവൺമെണ്ടിന്റെ ഒരു റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. അദ്ധ്യയനത്തിനും പ്രായോഗിക പരിശീലനത്തിനും വേണ്ട സൗകര്യങ്ങളും ഗവൺമെണ്ടിൽനിന്നും ചെയ്തുകൊടുക്കുന്നതാണു്." ഇതാണു് ആ വാർത്ത. ഒറീസാ ഗവൺമെണ്ടു ചെയ്യുന്നതുപോലെ ഇന്നു് ഇൻഡ്യയിലെ മറ്റെല്ലാ സാംസ്ഥാനിക ഗവൺമെണ്ടുകളും ചെയ്യുന്നതിനു് യാതൊരു വിരോധവും ഉണ്ടാകാനിടയില്ലെന്നാണു് എനിക്കു തോന്നുന്നതു്. ഇന്നു് ഇൻഡ്യ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രശ്നം ക്ഷ്യാപ്രശ്നമാണല്ലോ. അതിന്റെ പരിഹാരത്തിനായി ഈ രാജ്യത്തു കൃഷി അഭിവൃദ്ധിപ്പെടുത്തി ക്ഷ്യകാർഷികത്തിൽ സ്വയംപര്യാപ്തത കൈവരുത്തുന്നതിനു് ഇൻഡ്യാഗവൺമെണ്ടു തീരുമാനിച്ചിരിക്കയാണു്. അതനുസരിച്ചു് ഇന്നു് ഇൻഡ്യ ഒട്ടാകെ ഭക്ഷ്യാൽപ്പാദനപരിപാടികൾ പലതും നടപ്പിൽ വരുത്തിക്കൊണ്ടിരിക്കയാണു്. ഗവൺമെണ്ടിന്റെ കണക്കുപ്രകാരം ഇൻഡ്യയിൽ ഇന്നു ആകെ ഉല്പാദിപ്പിക്കുന്ന ക്ഷ്യധാന്യങ്ങളുടെ ഫ0 ശതമാനംകൂടെ നമുക്കു കൂടുതൽ വിളയിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. K. Viswanathan]

സാധിക്കുമെങ്കിൽ സ്വയംപര്യാപ്തത കൈവരുമെന്നാണു് കാണുന്നതു്. ഈ രാജ്യത്തു വിപുലമായയോതിൽ കൂടുതൽ സ്ഥലങ്ങളിൽ കൃഷിചെയ്യാതെതന്നെ, വമ്പിച്ചതോതിൽ യാന്ത്രികകൃഷി നടപ്പിലാക്കാതെതന്നെ ഈ ൧൦ ശതമാനം ഉല്പാദനം വല്ധിപ്പിക്കാൻ സാധിക്കുമെന്നാണു് എന്റെ വിശ്വാസം. ഇന്നു് ഇൻഡ്യയിൽ എങ്ങുംതന്നെ കൃഷി ശാസ്ത്രീയമായി പുരോഗമിച്ചിട്ടില്ല. കൃഷിക്കാരുടെയിടയിൽ പലവിധത്തിലുള്ള അന്ധവിശ്വാസങ്ങൾ ഇന്നും നിലവിലിരിക്കുന്നു. കൃഷിനടത്തിപ്പിനെ സംബന്ധിച്ചിടത്തോളം വളരെക്കാലത്തെ പഴക്കമുള്ള ജീർണ്ണിച്ച പല സമ്പ്രദായങ്ങളുമാണു് ഇന്നും നമ്മുടെ കൃഷിക്കാക്കുള്ളതു്. കൃഷിക്കാരുടെയിടയിലുള്ള അന്ധവിശ്വാസങ്ങളെല്ലാം മാറ്റി കൃഷിസമ്പ്രദായത്തിൽ അല്പം ചില പരിഷ്കാരങ്ങൾ വരുത്താൻ നമുക്കു കഴിയുകയാണെങ്കിൽ നമുക്കു കൂടുതൽ ആവശ്യമുള്ളതായ ഈ ൧൦ ശതമാനം ഉല്പാദനവല്ധനവു നിഷ്പ്രയാസം സാധിക്കുമെന്നാണു് എന്റെ വിശ്വാസം. കൃഷിക്കാരുടെ അന്ധവിശ്വാസങ്ങൾ കുറച്ചുകാലംകൊണ്ടെങ്കിലും മാറ്റിയെടുക്കുന്നതിനുള്ള ഏറ്റവും എളുപ്പവഴി കൃഷിയെസംബന്ധിച്ച ആധുനികസമ്പ്രദായങ്ങളിൽ അവർക്കു വേണ്ടത്ര അറിവു നൽകുകയാണു്. നമ്മുടെ ഹൈസ്കൂൾക്ലാസുകളിൽ വിദ്യാർത്ഥികൾക്കു് അതിനെസംബന്ധിച്ചു് അഭ്യസനം നൽകുകയാണെങ്കിൽ അതു വളരെ പ്രയോജനപ്രദമായിരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. ഒറീസാ ഗവൺമെണ്ടു് അതിലേക്കു് ഒരു പരിപാടി തയ്യാറാക്കുകയും അതു നടപ്പിൽ വരുത്തുകയും ചെയ്തിട്ടുള്ള സമീതിക്കു് മറ്റു ഗവൺമെണ്ടുകൾക്കും അതിനു പ്രതിബന്ധമുണ്ടാകാനിടയില്ല.

എന്റെ പ്രമേയത്തിൽ ആവശ്യപ്പെട്ടിട്ടുള്ള മറ്റൊരു കാര്യം സഹകരണ വിദ്യാഭ്യാസമാണു്. സഹകരണപ്രസ്ഥാനത്തെപ്പറ്റി ഇന്നു് ഈ നാട്ടിലെ അധികമാളുകൾക്കും വളരെ ആക്ഷേപമാണു്. അതിൻ പ്രധാനമായി പറയുന്ന കാരണം സ്വഭാവശക്തിയുള്ള വ്യക്തികളെ കിട്ടാത്തതുകൊണ്ടു് നമുക്കിപ്പോഴുള്ള സഹകരണസംഘങ്ങൾതന്നെ നല്ല നിലയിൽ നടത്തിക്കൊണ്ടുപോകാൻ സാധിക്കുന്നില്ലെന്നാണു്. ആളുകൾ നന്നാകുമ്പോൾ സഹകരണപ്രസ്ഥാനം തനിയേ വളർന്കൊള്ളുമെന്നു് അഭിപ്രായമുള്ള പലരേയും എനിക്കറിയാം. എന്നാൽ അവരോടു് യോജിക്കുവാൻ എനിക്കു നിവൃത്തിയില്ല. ഈ രാജ്യത്തെ ആളുകളുടെയെല്ലാം സ്വഭാവം നന്നാക്കിയതിനുശേഷം ഇവിടെ സഹകരണപ്രസ്ഥാനം പ്രോത്സാഹിപ്പിക്കാമെന്നു വിചാരിക്കുന്നതു് വളരെ തെറ്റായ ഒരു ചിന്താഗതിയാണു്. സഹകരണതത്വങ്ങളെപ്പറ്റിയുള്ള അജ്ഞതയാണു് നമ്മുടെ സഹകരണപ്രസ്ഥാനം വിജയിച്ചിട്ടില്ലെങ്കിൽ അതിന്റെ മുഖ്യകാരണം. അതുകൊണ്ടു് നമുക്കാവശ്യമായിട്ടുള്ളതു് സഹകരണപ്രസ്ഥാനത്തെപ്പറ്റിയും അതിന്റെ ഗുണങ്ങളെപ്പറ്റിയും അറിവില്ലാത്തവരെ അതു പറഞ്ഞു മനസ്സിലാക്കി പ്രസ്ഥാനത്തിൽ താല്പര്യം ജനിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും അതിലേക്കു് സഹകരണത്തിന്റെ പ്രാഥമികപാഠങ്ങളെങ്കിലും നമ്മുടെ ഹൈസ്കൂളുകളിൽ പഠിപ്പിക്കുന്നതിനു് ഏർപ്പാടുചെയ്യുന്നതും വളരെ ഉത്തമമായ ഒരു മാർഗ്ഗമായിരിക്കും. ആളുകളെല്ലാം സ്വഭാവശുദ്ധിയുള്ളവരായിതീർന്നിട്ടു് ഇവിടെ സഹകരണപ്രസ്ഥാനത്തെ വികസിപ്പിച്ചു് സാർവ്വത്രികമാക്കാമെന്നുവിചാരിച്ചാൽ അതു ഒരിക്കലും നടക്കാൻ പോകുന്ന ഒരു കാര്യമല്ല. നേരെമറിച്ചു് ഇന്നു നമ്മുടെ പ്രസ്ഥാനത്തിലുള്ള ന്യൂനതകളെ പരിഹരിക്കുകയും, അതിനെക്കുറിച്ചു് ആളുകൾക്കുള്ള തെറ്റിധാരണകൾ നീക്കി അതിന്റെ ഗുണവശങ്ങൾ പറഞ്ഞു മനസ്സിലാക്കുകയും, പ്രായോഗികമായ സഹകരണപ്രവർത്തനത്തിനുവേണ്ട പരിശീലനം നൽകുകയുമാണു് സഹകരണപ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കണമെന്നുണ്ടെങ്കിൽ നാം ചെയ്യേണ്ടതു്; ഈ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തെ ഇന്നത്തെ സ്ഥിതിഗതികൾ നോക്കുമ്പോൾ സഹകരണപ്രസ്ഥാനത്തെപ്പറ്റി എന്തെല്ലാം അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നാലുംശരി, അതിനെ ശരിയായി വികസിപ്പിച്ചിട്ട് സാർവ്വത്രികമാക്കുകയാണ് നമ്മുടെ അഭിവൃദ്ധിക്കുള്ള ഏകമാർഗ്ഗമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇക്കാലത്തു് പല രാജ്യങ്ങളിലും സാമ്പത്തികമായ ഉയർച്ചക്കുവേണ്ടി വിവിധമാർഗ്ഗങ്ങളിൽകൂടിയുള്ള പരീക്ഷണങ്ങൾ നടന്നുവരികയാണ്. അങ്ങിനെയുള്ള പരീക്ഷണങ്ങളുടെമദ്ധ്യത്തിൽ, നമ്മുടെ ഇൻഡ്യയെസംബന്ധിച്ചിടത്തോളം ഒരു സഹകരണയോഗക്ഷേമം നടപ്പാക്കാനാണ് നമ്മുടെ നേതാക്കന്മാർ ഒരുങ്ങിയിരിക്കുന്നതു്. ഇൻഡ്യയിൽ സഹകരണം ഒരു സാർവ്വത്രികപ്രസ്ഥാനമായി വളർന്നുവരണമെങ്കിൽ അതിന്റെ അഭിവൃദ്ധിക്കുവേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കാതെ നിവർത്തിയില്ല. സഹകരണപ്രസ്ഥാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യക്തികളുടെ കൊള്ളരുതായ്മകൊണ്ട് പ്രസ്ഥാനത്തിനു് എന്തെങ്കിലും കെടുതിയുണ്ടാകയാണെങ്കിൽ അതിന്റെ പരിഹാരത്തിനാവശ്യമായ നിയന്ത്രണം ഗവർമ്മെണ്ടു് എടുക്കുകയാണ് വേണ്ടതു്. ഗവർമ്മെണ്ടു് നിയന്ത്രണം ചെലുത്തുന്നതിനെ സംബന്ധിച്ചു് ചിലയാളുകളുടെയിടയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടെന്നു് എനിക്കറിയാം. എന്നാൽ സഹകരണപ്രസ്ഥാനം വഴിപിഴച്ചുപോകാതെ അഭിവൃദ്ധിപ്പെട്ടുവരുന്നതിനു് ആവശ്യമുള്ള നിയന്ത്രണം ഗവർമ്മെണ്ടു് ചെലുത്തുന്നതു സഹകരണതത്വങ്ങൾക്കു് വിരുദ്ധമല്ലെന്നു് ഇന്നു എല്ലാ രാജ്യങ്ങളിലും അഭിപ്രായമുണ്ടായി കഴിഞ്ഞിട്ടുണ്ടു്. സഹകരണപ്രസ്ഥാനം സാർവ്വത്രികമാക്കുന്നതുകൊണ്ടു് രാജ്യത്തിന്റെ സാമ്പത്തികമായ ഉന്നമനം മാത്രമല്ല സാധിക്കുന്നതു്. ജനങ്ങളുടെയിടയിൽ പൗരബോധം വളർത്തുന്നതിനും നമുക്കു് ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യത്തെ അംശമായി നിലനിർത്തിക്കൊണ്ടുപോകുന്നതിനു ഭരണശേഷിയുള്ള വ്യക്തികളെ സൃഷ്ടിക്കുന്നതിനും ടി അതു ഉപകരിക്കുന്നതാണ്. ജനായത്തഭരണം നടക്കുന്ന രാജ്യങ്ങളിലെല്ലാം അവിടങ്ങളിലെ ഭരിക്കുന്ന കക്ഷിയെക്രടാതെ ഗവർമ്മെണ്ടിൽ സ്വാധീനം ചെലുത്തുന്ന മറ്റു ചില കക്ഷികളേയും നാം കാണാറുണ്ടു്. അവ സാധാരണയായി രാഷ്ട്രീയകക്ഷികളായിരിക്കും. കൂടാതെ മതത്തിന്റെപേരിലും സമുദായത്തിന്റെ പേരിലും രൂപമെടുത്തിട്ടുള്ള കക്ഷികളുമുണ്ടു്. അങ്ങിനെയുള്ള ചില കക്ഷികൾ ഗവർമ്മെണ്ടിൽ സ്വാധീനം ചെലുത്തിയും ഗവർമ്മെണ്ടിനെ ഭയപ്പെടുത്തിയും കാര്യംനേടാൻ ശ്രമിക്കുന്ന ദുർഭാഗ്യകരമായ ഒരു സ്ഥിതിവിശേഷം ഇന്നു് ഈ രാജ്യത്തുണ്ടു്. അങ്ങിനെയുള്ള അനഭിലക്ഷണീയവും അപകടകരവുമായ സ്വാധീനം ചെലുത്തലുകൾക്കു് അറുതിവരണമെങ്കിൽ സഹകരണപ്രസ്ഥാനം വികസിച്ചു് സഹകരണസംഘങ്ങൾ ഗവർമ്മെണ്ടിൽ സ്വാധീനം ചെലുത്തുന്ന ഒരു പരിതസ്ഥിതി സംജാതമാകേണ്ടിയിരിക്കുന്നു. നമ്മുടെ ജനകീയഭരണത്തിന്റെ വിജയത്തിനുതന്നെയും അതാവശ്യമാണെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഇങ്ങനെ നമ്മുടെ സാമ്പത്തികമായ ഉയർച്ചക്കും ജനകീയഭരണത്തിന്റെ വിജയത്തിനും അത്യാവശ്യമായിരിക്കുന്ന ഒരു പ്രസ്ഥാനമായതുകൊണ്ടാണു് സഹകരണപ്രസ്ഥാനത്തെ ഗവർമ്മെണ്ടു് എല്ലാവിധത്തിലും പ്രോത്സാഹിപ്പിക്കണമെന്നു് ചിന്തകന്മാരെല്ലാം അഭിപ്രായപ്പെടുന്നതു്.

ഈ രണ്ടുവിഷയങ്ങളെപ്പറ്റിയും നമ്മുടെ തുളുകർക്കു് ശരിയായ അറിവില്ലാത്തതുകൊണ്ടുണ്ടായിട്ടുള്ള കുഴപ്പങ്ങളും ബുദ്ധിമുട്ടുകളും നാം ഇന്നു അനുഭവിച്ചുകൊണ്ടിരിക്കയാണു്. നമുക്കു കിട്ടിയിരിക്കുന്ന സ്വാതന്ത്ര്യവും നമ്മുടെ ജനകീയഭരണവും നിലനിറുത്തിക്കൊണ്ടുപോകണമെങ്കിൽ ഇതുരണ്ടും ജനങ്ങളെ പഠിപ്പിക്കേണ്ടതു അത്യാവശ്യമാണു്. കുട്ടികൾക്കു് ചെറുപ്പംമുതൽക്കേ ഈ രണ്ടുവിഷയങ്ങളിലും അഭിരുചിയും വാസനയും വളർത്തുന്നതിനുവേണ്ടി ഹൈസ്കൂൾക്ലാസ്സു

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. K. Viswanathan]

കളിൽതന്നെ അവ പഠിപ്പിക്കണമെന്നുള്ള എന്റെ അഭിപ്രായം സഭ സ്വീകരിക്കണമെന്നു വിശ്വസിക്കുന്നു. അതു സ്വീകരിക്കുകയാണെങ്കിൽ ഐശ്ചികവിഷയമായി പഠിപ്പിക്കണമെന്നുള്ളതു് മാറ്റി നിർബന്ധിത വിഷയമായി പഠിപ്പിക്കണമെന്നുള്ള ഭേദഗതി സ്വീകരിക്കുന്നതിനു് എനിക്കു യാതൊരു വിരോധവുമില്ലെന്നു അറിയിച്ചുകൊണ്ടു് ഞാൻ എന്റെ പ്രമേയം സഭമുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

Sri. P. Balakrishnan Tampi: I am quite in sympathy with the spirit of the resolution moved by my Hon'ble friend Mr. K. K. Viswanathan. But I cannot find my way to support the resolution in the form in which it is moved. It is not that I am less enthusiastic than he about the necessity of spreading ideas of co-operation, genuine and pure, among the boys and girls who are to form the next generation. I am not also less enthusiastic regarding the spread of agricultural knowledge, true and scientific, among our youth. But I am afraid that education is a subject on which we cannot afford to be very original. What we have to-day is a syllabus of study which represents the highest common factor of agreement among the leading educationists regarding the elements of knowledge that a young man or girl should be taught during the susceptible years of their childhood. I mean that the educationists are unanimously agreed that our children should be trained first of all, in the art of speaking and writing in their language. Next they must be trained in the three R's, reading, writing and arithmetic. Thereafter elements of science, both pure and applied, has a place in the curriculam. Geography which enables the student to know in which part of the world he is living and what is his position vis-a-vis the rest of the world, comes next. Then something about history and the knowledge of the country's past and the history of our neighbours is an essential part of his study. All these are considered the essential minimum ingredients necessary for a child. At the age in which the child is trained in our schools, there is no scope for introducing new subjects. Enthusiasts are not wanting who emphasise the necessity of initiating the child in the fine arts like painting and music because they believe that nothing else will mould the child to be a better citizen than a systematic development of his emotions. Can all these be done at the sacrifice of arithmetic? Can this be done at the sacrifice of history? This is the question that faces us when we plan the education of our children. There are also others who unerringly place their finger on religion, and say that no education is perfect unless the child is taught the rudiments of religion, a relation between Creator and man, the attitude towards his fellow beings and a faith in divine will. In the same way the United Nations believe that the first thing that the child should know and the first lesson that should be impressed upon his mind is that he is an international entity and a citizen of the world. Nobody can deny that all these are essential. But these are the problems that face educationists when they frame the syllabus. The child's mind is a very small bucket and you cannot fill it up with all this knowledge. You cannot chop the Encyclopaedia Britanica into small bits and cram it into the child's brain. It is not possible to devise a system of education wherein every child is taught all that is good enough under the sun. The child's psychology and the child's capacity must be adverted to. That is why people have come to the conclusion that in the matter of child's education we cannot be very original.

Now, in India as well as abroad eminent educationists have been confronted with the same question. They started experiments and in very many cases they were unsuccessful. In India, for instance, Mrs. Besant, that great and talented leader, started a University in the South. But it was found later on that the

LIBRARY ARCHIVES Kerala Legislative Assembly

children were left in the lurch and after some time they had to adopt the syllabus of the Madras University and prepare them for the Madras Government Examination. In Bengal also I was told a similar scheme proved to be unsuccessful and eventually the candidates were trained for the Calcutta University Examinaton. I do not say these in a spirit of derition but simply to draw attention to the experience of reformers in this direction. It is one thing to be very enthusiastic and very aspiring about the future of the children but it is quite another thing to be practical. We have to reckon with realities and conform to the traditional form of education. I do not, for a moment, say that children should not be given some ideas of co-operation and agriculture when they are at school. If it is possible to devise a system of literary studies so as to include lessons on-co-operation and agriculture which could be instilled in the minds of our children in Forms IV, V and VI it would be very commendable. But it is quite another thing to say that regular courses should be prescribed for teaching co-operation and agriculture.

I am diffident as to what sort of education in agriculture and co-operation worth the name could be imparted to a student in the Fourth Form. For the study of agriculture the child must have a basic knowledge of many scientific subjects. He must know a bit of chemistry and it would be good if he had learned a bit of geology. Is it possible for a boy of 13 or 14 to be really benefited by a scientific study of agriculture?

ஸ்ரீ வ. சிதம்பரநாத நாடார்: திருவாங்கூர்-கொச்சி ஐக்கிய சங்கானத்திருக்கிற கிருஷிகர்கள் யாவரும் படித்துத்தான் கிருஷி செய்கிறார்களா?

Sri. P. Balakrishnan Tampi: I have already stated that I have no objection to including a course in agriculture so as to give our children a bias for agriculture and attune when they are young to co-operative ideals. Let them become practical farmers as our forefathers were. I would certainly support if the Education Minister would find his way to institute lessons in farming, in using a spade, in making a nursery of seedlings and to manure kitchen gradens. If these things could be taught that would be welcome. My only objection is to a kind of formal scientific education in the High School Classes. Sir, if a man really wants to study co-operation in right earnest, he must at least be a Graduate in Economics with apologies to all the great co-operators here. (*Laughter*). In this House we have a number of specialists in many subjects. Shakespeare was no graduate but his works are eliciting the wonder and admiration of graduates throughout the world. I myself claim at times to excel in certain subjects than many who had received formal training in them. But that is a different matter. For a humdrum man of the world co-operation is a serious study. It may be quite possible to make a lecture on co-operation after studying what Dr. Kunjan Pillai wrote on co-operation in Travancore. It is possible to lisp off a few dozen phrases like co-operative common wealth, credit facilties and other things which, like the gossamer, are much in the air. This does not mean that I am prescribing a course for an academic body. But in my humble opinion it seems that a study of co-operation, in its scientific aspect, is possible only to a University Graduate barring certain talented people who have inherited gifts because as somebody said "the Colleges polish the pebbles but dim the diamonds." There are certain born geniuses who will certainly shine without any scholastic or academic distinction. But as a general rule I would say that education on co-operation and agriculture presupposes a certain minimum of standard to start with. Then there is another difficulty as well. Where are we to find the teachers who are fit to teach these subjects to our young boys? All these lead to impracticability from the educatic ul point of view. At the same time I

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. Balakriahnan Tampi]

can appreciate the spirit that prompted my hon'ble friend to move the resolution. Our education is fast becoming unreal in the broad sense since it is not correlated to environments. The child comes out a stranger to his home and it is therefore incumbent that education must be made more real and useful. If the education of a farmer's son could make him a better farmer after his training in the school I would greatly welcome it. With these words, I oppose the resolution so ably moved by Mr. Viswanathan.

ശ്രീ. കെ. എ. അച്യുതൻ: സർ, പ്രമേയത്തിൽ 'ഐഛിക വിഷയങ്ങളായി' എന്നതിനു പകരം 'നിർബന്ധിത വിഷയങ്ങളായി' മാറ്റണമെന്നുള്ള എന്റെ ഭേദഗതി സ്വീകരിക്കാമെന്നു് പ്രമേയാവതാരകൻതന്നെ സമ്മതിച്ചിരിക്കുന്നതിനാൽ ഞാൻ സന്തോഷിക്കുകയും പ്രമേയത്തെ ഹാർദ്ദമായി പിൻതാങ്ങുകയും ചെയ്യുന്നു. കുറച്ചു കാലങ്ങൾക്കുമുമ്പു ഹൈസ്കൂളുകളിൽ ഐച്ഛികവിഷയം ഉണ്ടായിരുന്ന കാലത്തു് സഹകരണം മുതലായ വിഷയങ്ങൾ പഠിപ്പിച്ചുകൊണ്ടിരുന്നു. അതു് ഒരു തരത്തിലും വിഷമമുള്ള ഒരു വിഷയമാണെന്നു് അദ്ധ്യാപകന്മാരൊ അതു് പഠിക്കുന്ന വിദ്യാർത്ഥികളൊ പറഞ്ഞു ഞാൻ കേട്ടിട്ടില്ല. പരസ്പരസഹായം അല്ലെങ്കിൽ സഹകരണം മുതലായ വിഷയങ്ങൾ ക്ലാസുകളിൽ പഠിപ്പിക്കുന്നതിൽ ആ വിഷയങ്ങളിൽ വലിയ ജ്ഞാനം ഉണ്ടാകത്തക്കവണ്ണം സമഗ്രമായി പഠിപ്പിക്കണമെന്നല്ലാ ഞാൻ പറയുന്നതു്. ഹൈസ്കൂൾ ക്ലാസുകളിൽ നിർബന്ധിത വിഷയങ്ങളുടെ കൂട്ടത്തിൽ ഇതും പെടുത്തി ആഴ്ചയിൽ രണ്ടോ മൂന്നോ പീരിയഡു എങ്കിലും പഠിപ്പിക്കുന്നതു് നന്നായിരിക്കും. ഹൈസ്കൂളുകൾ എന്നു പറയുമ്പോൾ വെറും എട്ടും പത്തും വയസ്സായ കൊച്ചുകുട്ടികൾ അല്ലാ നമ്മുടെ ഓർമ്മയിൽ പെടുന്നതു്. പന്ത്രണ്ടു വയസ്സിനുമേൽ പ്രായമുള്ളവരെ മാത്രമെ അവിടെ കാണുകയുള്ളൂ. ഭൂമിശാസ്ത്രം രസതന്ത്രം മുതലായ വിഷയങ്ങൾ ഇംഗ്ലീഷിൽതന്നെ പഠിപ്പിക്കണമെന്നു് ഒരു നിയമം ഒരുകാലത്തുണ്ടായിരുന്നു. അന്നു് first language ഇംഗ്ലീഷു് ആയിരുന്നു. ഇന്നു് മലയാളമാണു് ആ സ്ഥാനം വഹിക്കുന്നതു്. രസതന്ത്രം ഊർജതന്ത്രം ഡൊമസ്റ്റിക്കു് സയൻസു് മുതലായ വിഷയങ്ങൾ പഠിപ്പിക്കാമെങ്കിൽ ഈ രണ്ടു വിഷയങ്ങളുംകൂടി ആഴ്ചയിൽ ഒന്നോ രണ്ടോ പീരിയഡു പഠിപ്പിക്കുന്നതിനുവേണ്ടി ചിലവാക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഹൈസ്കൂൾ കുട്ടികൾക്കു് എയിറൊപ്ലെയിൻ ഉണ്ടാക്കുന്നതു്, അതു പറപ്പിക്കുന്നതു മുതലായവ പഠിക്കാമെങ്കിൽ, മനസ്സിലാക്കാമെങ്കിൽ, കൃഷി സഹകരണം മുതലായ വിഷയങ്ങൾ അവരുടെ തലയിൽ കേറുകയില്ലെന്നു് പറയുന്നതിന്റെ അർത്ഥം എന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഭൂമിശാസ്ത്രം പഠിക്കുക എന്നതു ഏറ്റവും പ്രയാസമേറിയ ഒരു കാര്യമാണു്. അതിനെ ഭൂരിപക്ഷം കുട്ടികളും വെറുക്കുന്നു. നമ്മുടെ ഭാവി ജീവിതത്തിൽ ഈ രസതന്ത്രം, ഭൂമിശാസ്ത്രം എന്നീ വിഷയങ്ങളേക്കൊണ്ടു് വലിയ ഗുണം ഉണ്ടാകുവാൻ പോകുന്നില്ല.

കുട്ടിയുടെ ദൈനംദിന ആവശ്യങ്ങൾ സാധിക്കുന്നതിനു കൃഷിയും സഹകരണവും ബന്ധിക്കപ്പെട്ടിട്ടുള്ള സംഗതികളാണെന്നുള്ളതു് നിസ്സംശയമായ ഒരു സംഗതിയാണല്ലോ. ഈ വിഷയങ്ങൾ അതായതു് കൃഷിയും സഹകരണവും മറ്റും പഠിക്കുന്നതുകൊണ്ടു് കുട്ടിയുടെ ഭാവി ജീവിതത്തിനു അത്യാവശ്യമായ പല കാര്യങ്ങളും ആ കുട്ടിക്കു മനസ്സിലാക്കുവാൻ സാധിക്കും. ഈ വിഷയങ്ങളിൽ ഒരു ഏകദേശജ്ഞാനം നേരത്തെ കുട്ടികൾക്കു് ലഭിക്കുന്നതു് നന്നായിരിക്കും, എന്നല്ലാതെ അതിൽ സമഗ്രമായ വൈദഗ്ദ്ധ്യം വേണമെന്നു ഞാൻ പറയുന്നില്ല. അഭ്യസനകാര്യങ്ങളിൽ എനിക്കു കിട്ടിയിട്ടുള്ള എന്റെ പരിചയം വച്ചുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറയുന്നതു് ആഴ്ചയിൽ ഒന്നോ രണ്ടോ പീരീഡു് ഇതിനായി വയ്ക്കുന്നതു നന്നായിരിക്കുമെന്നാണു്. 'ഈച്ചു് ഫോർ ആം' ആം ഫോർ ഈച്ചു് എന്ന ഏറ്റവും പ്രാധാന്യം അർഹിക്കുന്ന തത്വമെങ്കിലും മനസ്സിലാക്കുന്നതിലുള്ള സൈകര്യംകൂടി അവർക്കു് നേരത്തെ ഉണ്ടായിരിക്കുമെല്ലാ. അതെങ്കിലും ഒരനുഗ്രഹമായിരിക്കും. ഇപ്പോൾ ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു പുറത്തിറങ്ങുന്നവർ കൃഷിയുടെ എ. ബി. സി. ഡി. പോലും അറിയാത്തവരാണു്. എന്നുമാത്രമല്ല കൃഷിചെയ്യുക എന്നതു അവമാനകരമായി ഗണിക്കുന്നവരുമുണ്ടു്. ആ മനഃസ്ഥിതി മാറ്റുവാൻ ഇതു സഹായിക്കും.

സാധാരണ ഹൈസ്കൂളുകളിൽ കോ ഓപ്പറേറ്റീവു സൊസൈറ്റികൾ നടത്താറുണ്ടു്. അതിനെപ്പറ്റിയുള്ള പ്രയോഗിക പരിചയം സിദ്ധീകരിക്കുന്നതിനു് ഈ സമ്പ്രദായം പ്രയോജകീഭവിക്കും. തങ്ങളുടെ സാമ്പത്തിക പരിപാടികളും പ്രവർത്തനങ്ങളും ഏതു തരത്തിലാണു കൊണ്ടുപോകേണ്ടതെന്നുള്ള ഒരഭിപ്രായം ചെറുപ്പത്തിൽതന്നെ ശ്രുവപ്പെടുത്തുവാൻ വിദ്യാർത്ഥികളെ അതു സഹായിക്കും. ഇൻഡ്യ ഒരു കർഷക രാജ്യമാണു് ഇവിടെ ഏതെല്ലാം തരത്തിലുള്ള വ്യവസായിക സംരംഭങ്ങൾ നടപ്പിലാക്കിയാലും ഇൻഡ്യ ഒരിക്കലും ഒരു കർഷകരാജ്യം അല്ലാതാകാൻ പോകുന്നില്ല. ആ നിലയ്ക്കു അതിനുപറ്റിയ സാമ്പത്തിക സംവിധാനങ്ങളും അതിന്റെ നാനാമുഖപരിചയങ്ങളും ചെറുപ്പത്തിൽതന്നെ നമ്മുടെ വിദ്യാർത്ഥികളെ അഭ്യസിപ്പിക്കുന്നതു നന്നായിരിക്കും. അതുകൊണ്ടു സഹകരണം, കൃഷി മുതലായ വിഷയങ്ങളെപ്പറ്റി ഹൈസ്കൂൾ ക്ലാസുകളിൽ പഠിപ്പിക്കുന്നതുകൊണ്ടു വിഷമമില്ലെന്നു മാത്രമല്ല അതു വളരെ ഗുണപ്രദവുമായിരിക്കും. ഇപ്പോൾ ഹൈസ്കൂളുകളിൽ ഐഛികമെന്നതു ഉപേക്ഷിച്ചിരിക്കുന്നതുകൊണ്ടു ഇതു ഐഛികവിഷയമായിട്ടല്ല നിർബ്ബന്ധിത വിഷയമായിട്ടാണു പഠിപ്പിക്കേണ്ടതെന്നുള്ള എന്റെ ഭേദഗതിയോടു പ്രമേയ പ്രയോക്താവുതന്നെ യോജിക്കുന്നുണ്ടു്. ആകെ ഏഴു പീരിയഡുകളാണു ഒരു ദിവസം ഉള്ളതു്. അതിൽ ഏതെങ്കിലും ഒരു പീരിയഡു്, അല്ലെങ്കിൽ ആഴ്ചയിൽ ഒന്നോ രണ്ടോ പീരിയഡുകൾമാത്രം ഈ വിഷയത്തെക്കുറിച്ചു അഭ്യസനം നടത്തിയാൽ മതിയാകും. രസതന്ത്രം, ഊർജ്ജതന്ത്രം മുതലായ സാങ്കേതികവിഷയങ്ങളെപ്പറ്റി ഇപ്പോൾ പഠിപ്പിക്കുന്നുണ്ടല്ലോ. ആ നിലയ്ക്കു എന്തുകൊണ്ടു ഈ കാര്യങ്ങളെപ്പറ്റികൂടി പഠിപ്പിച്ചുകൂടാ. നമ്മുടെ കാർഷിക വിഭവങ്ങളെപ്പറ്റിയും കൃഷിയുടെ ശാസ്ത്രീയമായ മറ്റു പരിമിതികളെപ്പറ്റിയും ലാർജ്സ്കെയിൽ ഫാമിംഗ്, സ്മാൾസ്കെയിൽ ഫാമിംഗ് മുതലായവ ഈ രാജ്യത്തെ എങ്ങനെ ബാധിക്കും, ഈ സമ്പ്രദായഭേദം എവിടെവിടെ എങ്ങനെ നടപ്പിലാക്കാം എന്നുള്ളതിനെപ്പറ്റിയും ഹൈസ്കൂളുകളിൽ എന്തുകൊണ്ടു പഠിപ്പിക്കുവാൻ പാടില്ല എന്നാണു ഞാൻ ചോദിക്കുന്നതു്. ഇവിടെ മതപരമായ വിദ്യാഭ്യാസവും മറ്റും നടത്തണം എന്നും ഇങ്ങനെ എല്ലാ കാര്യങ്ങളിലും പഠിത്തം നടത്തുന്നതു വിദ്യാർത്ഥികൾക്കു വളരെ വിഷമകരമായിരിക്കുമെന്നും ചിലർ പറയുകയുണ്ടായി. ഹൈസ്കൂളുകളിൽ മതപരമായ യാതൊരഭ്യസനവും നടത്തേണ്ട കാര്യമില്ലെന്നുള്ള അഭിപ്രായക്കാരനാണു ഞാൻ. അതു നമ്മെ സമുദായവിദ്വേഷത്തിലേക്കും അനൈകമത്യത്തിലേക്കും വലിച്ചിഴക്കുന്നതായിട്ടാണു് അനുഭവം. ഇങ്ങനെ ആവശ്യമില്ലാത്തതും വളരെ അത്യാവശ്യമില്ലാത്തതുമായ വിഷയങ്ങളും മാറ്റിവച്ചു സഹകരണം, കൃഷി എന്നീ വിഷയങ്ങൾകൂടി പാഠപദ്ധതിയിൽ ഉൾപ്പെടുത്തുന്നതു നന്നായിരിക്കും. തിരുവിതാംകൂറിൽ ഒരു സഹകരണ കാളേജുണ്ടല്ലോ. ആ കാളേജിൽ പ്രവേശിക്കുന്നവർക്കു മുൻകൂട്ടി വേണ്ട സാമാന്യപരിജ്ഞാനം ലഭിക്കത്തക്ക നിലയിൽ സഹകരണത്തെപ്പറ്റി ഫോത്തിലും, ഫിഫ്ത്തിലും, സിക്സ്ത്തിലും അഭ്യസനം നല്കു

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. A. Achuthan]

ന്നതു വളരെ പ്രയോജനകരമായിരിക്കും. മൂന്നു കൊല്ലംകൊണ്ടു തിരഞ്ഞെടുക്കുന്ന വിധത്തിൽ, ഹൈസ്കൂൾ ക്ലാസുകളിൽവച്ചുതന്നെ തിരഞ്ഞെടുക്കുവിഭാഗത്തിൽ സിലബസ്സിൽ ഒരു വിഭാഗം ചേർക്കുവാൻ നോക്കണം. കാളേജിൽ പോകുന്നില്ലെങ്കിൽ തന്നെയും ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു നാട്ടിലേക്കു ഇറങ്ങുന്ന നമ്മുടെ യുവാക്കന്മാർക്കു അവരുടേയും അവരുടെ നാട്ടിലെയും സാമ്പത്തിക സ്ഥിതിയെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനു വേണ്ടതു പ്രോത്സാഹനവും സഹകരണവും നല്കുവാൻ ഈ പദ്ധതി ഉപകരിക്കും. ഇതെല്ലാം പ്രസ്താവിച്ചുകൊണ്ടു ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ഏ. சிதம்பரநாத நாடார்: ஸர், ஸ்ரீமான் வீஸ்வநாதன் அவர்களின் தீர்மானத்தை ஆதரித்து, ஸ்ரீமான் பாலகிருஷ்ணன் தம்பி அவர்கள் சொன்னவைகளை எதிர்த்து ஒன்றிரண்டு வார்த்தைகள் நான் சொல்ல விரும்புகிறேன். ஸ்ரீமான் பாலகிருஷ்ணன் தம்பி அவர்களுக்குத் தோன்றியதைச் சொன்னார். அவருக்கு குறைந்தது 58 வயது வரும்.

ശ്രീ. பால கிருஷ்ணன் தம்பி: 78 வயது.

ശ്രീ. ഏ. சிதம்பரநாத நாடார்: போகட்டும். 78 வயது, கூடுதலாகத் தானிருக்கிறது. அவர் ஒரு சட்ட நிபுணர்தான். அதை நான் ஒப்புக்கொள்கிறேன். அவருக்கு என்னைவிட உலக அனுபவம் உண்டு. அதையும் நான் ஒப்புக்கொள்கிறேன். ஆனால், கிருஷி என்ற உலகத்தில், கிருஷி சாஸ்திரம் என்ன என்பதுகூட அறியாமல், தமது காலை வைத்திருக்கிறார் என்று சொல்கிறேன். உயர்தர பாடசாலைகளில் படித்துக்கொண்டிருக்கும் மாணவர் மாணவிகளுக்கு கிருஷி, co-operation முதலியன படிப்பிக்கத் துடங்கினால், பூமிசாஸ்திரம், கணக்கு, முதலியவைகளை கற்பிக்க இடமில்லாமல் போய்விடும் என்று வருத்தப்படுகிறார்கள், ஸ்ரீமான் பால்கிருஷ்ணன் தம்பி அவர்கள். ஆனால் நான் சொல்லிக்கொள்வது பி. எ., எம். ஏ. இந்தப் பட்டங்களை யெல்லாம் நிறுத்திவிட்டு நமது உயர்தரப் பள்ளிகளில் கிருஷி சாஸ்திரம் படிப்பிப்பது நல்லது என்று. 78 வயதென்று சொல்லக் கூடிய ஸ்ரீமான் பாலகிருஷ்ணன் தம்பி அவர்கள்—நல்ல உலக அனுபவமுள்ள ஸ்ரீமான தம்பியவர்களே, உயர்தர பாடசாலைகளில் மாணவ மாணவிகளுக்கு கிருஷியைப் பற்றிச் சொல்லிக் கொடுக்கக் கூடாது என்று சொல்வதைக் கேட்கும்போது விந்தையாகத்தானிருக்கிறது. திருவிதாங்கூர்-கொச்சி ஐக்கிய சமஸ்தானத்திலுள்ள பள்ளிகளிலிருந்து வருடந்தோறும் ஆயிரக்கணக்காக மாணவர்கள் பாசாகி, பின்பு உத்தியோகம் கிடைக்காமல் தெருவில் அலைவதை திரு. பாலகிருஷ்ணன்தம்பி அவர்கள் பார்த்திருப்பாரானால், இந்தமாதிரி சொல்லியிருக்க மாட்டார். ஒரு மாணவன் முதலில் நாலாம் வகுப்பில் சேர்க்கப்படுகிறான். பின்பு அவன் பிரப்போட்டரி கிளாசுக்கு வருகிறான். அது பாசாய் First form வருகிறான். கடைசியில் Sixth form வருகிறான். அவனுக்கு மேலால் தன் வாழ்க்கையை எப்படி நடத்த வேண்டுமென்பதே தெரியாமல் School final ம் பாசாகிறான். கிருஷி என்பது என்ன என்பதே அவனுக்குத் தெரியாது. School final பாசான் பிறகு அநேக மாணவர்களுக்குக் காலேஜில் படிக்க முடியாத நிலைமை ஏற்படுகிறது. ஏன்? அவர்களது பொருளாதார நிலைமை. பின்பு உத்தியோகத்திற்கு அலைகிறார்கள். உத்தியோகமும் கிடையாது. கிருஷியில் ஈடு

LIBRARY ARCHIVES Kerala Legislative Assembly

படலாமென்றால், அதுவும் தெரியாது. இவர்கள் மாத்திரமல்ல, உயர்தர படிப்பு படித்த மாணவர்களுக்கும் உத்தியோகம் கிடைக்காமல் திண்டாடுகிற நிலைமை ஏற்பட்டிருக்கிறது. அவர்களின் படிப்புக்கழிந்து தங்களது வாழ்க்கையை நடத்திக்கொண்டுபோக முடிவதில்லை என்று ஏற்படுகிறது. அதாவது தற்போதைய படிப்பினால் நமது வாலிபர்களுக்கு நமது மத்திய தர பள்ளிகளிலும் உயர்தர பள்ளிகளிலும் கிருஷியைப் படிப்பிப்பதாயிருந்தால் உண்மையில் நமது மாணவர்களுக்கு, இந்த நிலைமை ஏற்படாது. அவர்களுக்கு அரசாங்கமோ, மற்ற தொழில் ஸ்தாபனங்களில் வேலை கிடைக்காவிட்டால், அவர்கள் கிருஷியில் ஈடுபடுவார்கள். கிருஷியை விட மேலான தொழில் வேறு யில்லை. சமுதாயத்தில் மேலானவன் கிருஷிகன் தான். அதனால்தான் "உழுதுண்டு வாழ்பவருக்கு ஒப்பில்லை" என்று தமிழில் கூறுவதுண்டு. ஸ்ரீமான் விஸ்வனாதன் சொன்னது கீழ் வகுப்புகளில் கிருஷியைப் படிப்பிக்க வேண்டுமென்று. ஆனால் நான் சொல்லிக் கொள்வது உயர்தரப் பள்ளிகளிலும் கிருஷியைப் பற்றிப் படிப்பிக்க வேண்டுமென்று. கிருஷியைப் படிப்பித்தால், மாணவர்கள் மனதில் ஊக்கமுண்டாகும். என்? ஸ்கூல் பைனல் பாசாய் உத்தியோகம் கிடைக்காவிட்டால் தனக்குக் கலப்பையைப் பிடித்து கிருஷி செய்து வாழ்கையை நடத்தலாமென்று. கூட்டுறவு சங்கமுறையைப்பற்றியும், கிருஷியைப் பற்றியும் நமது பள்ளிகளில் ஆரம்பமுதல் உயர்தர பள்ளிகளிலும் படிப்பிக்க வேண்டுமென்று கேட்டுக்கொள்கிறேன்.

Sri. N. D. Jose: Mr. Speaker, Sir, I share fully the enthusiasm of the mover of this proposition. But, Sir, I must confess that I am tempted to agree more with Sri. Balakrishnan Tampi. Sir, this resolution seeks only to provide two additional subjects for the school-boy. I feel, Sir, that the syllabus of the average school-boy is already very heavy. This resolution does not explain how these two subjects ought to be taught or whether the syllabus of the schools could be modified so that there can be a certain amount of adjustment.

Sir, I do not share fully the enthusiasm of my friend Sri Chidambaranatha Nadar when he thinks that the resolution seeks to change the entire system of education in this country. The resolution does no such thing at all. The only thing contemplated is that our boys will study two more additional subjects very much in the manner in which they study other subjects.

Sir, agriculture is not a subject which can be taught through books as far as the boys are concerned. Agriculture is studied to-day in the Colleges, in the higher technical colleges. For the boys studying in schools, I feel, Sir, that agriculture if at all it is taught, it should be done in a practical fashion. If that is to be done you should have separate schools which will include agriculture mainly and other subjects as secondary topics for their education.

In this connection, I would like to point out that the entire system of education has to be changed, but it cannot be done merely with the passing of this resolution. I feel that it should be changed in such a manner that a full human being will come out of the schools. I wou'd like to quote in this connection what Karl Marx said about education:

> "Education of the future will in the case of every child over a certain age combine productive labour with education and other topics not merely as one of their methods of raising social production but as the only method of producing fully developed human beings."

LIBRARY ARCHIVES Kerala Legislative Assembly

[Sri. N. Daniel Jose]

Sir, Mahatma Gandhi also agreed with what Karl Marx said. The University Commission has quoted this sentence and they also agreed with it. Sir, we all agree on the issue that there is much to be desired in our educational system. But all these difficulties cannot be got over by merely adding to the subjects of the curriculum. Perhaps the mover of the resolution does not visualise any such radical transformation in our educational system. Perhaps he feels that if agriculture is taught as a subject along with history and geographv, then agriculture may be made a subject. From this point of view, I would place before the Hon'ble Members of this House for consideration whether the syllabus of the schools are not likely to be too much for the boys. I would also put the question whether agriculture and co-operation can be properly taught to the boys with the existing staff. These are the points that I would place before the House for consideration.

ശ്രീ. തര്യത് കുഞ്ഞിത്തൊമ്മൻ: സർ, കൃഷിയും സഹകരണവും വിദ്യാലയങ്ങളിൽ പഠിപ്പിക്കണമെന്ന ഈ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. ഇതു നിർബ്ബന്ധിതമാക്കണമെന്നു ഹാജരാക്കിയിട്ടുള്ള ഭേദഗതിയേയും ഞാൻ അനുകൂലിക്കുന്നു. കൃഷി നിർബ്ബന്ധിതമാക്കണമെന്നു ഫ ഠ വർഷങ്ങളിലധികമായി ഞാൻ ജനപ്രതിനിധിസഭയിൽ പറഞ്ഞുവരുന്നു. ഇപ്പോഴും അവസരം കിട്ടുമ്പോഴൊക്കെ പറയാറുണ്ട്. നമ്മുടെ രാജ്യം കർഷക രാജ്യമാണ്. ഇവിടത്തെ പ്രധാനതൊഴിലും ധനാഗമമാർഗ്ഗവും കൃഷിതന്നെയാണ്. അതിനാൽ കൃഷിയിൽ സാമാന്യജ്ഞാനം ഇവിടെ എല്ലാവർക്കുംതന്നെ ആവശ്യമാണ്. ഇംഗ്ലണ്ടു നാവിക ശക്തികൊണ്ടു സംരക്ഷിക്കപ്പെടുകയും നാവികവൃത്തികൊണ്ടു പുലരുകയും ചെയ്യുന്ന രാജ്യമാകയാൽ അവിടെ രാജാക്കന്മാർ ആകുന്നവർ ഉപരാജാക്കന്മാരായിരിക്കുമ്പോൾതന്നെ നാവികവൃത്തി പരിശീലിക്കുന്നുണ്ട്. ഇവിടെ ജനകീയഭരണം വന്നു. മന്ത്രിയായി വരുന്നവർക്കോ പ്രധാന ഉദ്യോഗസ്ഥന്മാർക്കോ കൃഷിയെ സംബന്ധിച്ചു സാമാന്യ ജ്ഞാനംപോലുമില്ല. ആരെങ്കിലും രാജ്യശ്രേയസ്സിനുവേണ്ടി കൃഷികാര്യങ്ങൾ പറഞ്ഞാൽ അതിന്റെ സദ്ഭാവം മനസ്സിലാക്കാതെ അവഗണിക്കുകയാണു പതിവു്. പരസഹസ്രം ജനങ്ങളെ അവശതയിലും ക്ലേശങ്ങളിലുംനിന്നു കൃഷിക്കു സുകൃത്യംനല്കി ഉദ്ധരിക്കുവാൻ ധനസഹായംചെയ്യാതെതന്നെ ഗവൺമെണ്ടിനു കഴിയുമായിരുന്നു. അതിനുള്ള സാഹചര്യങ്ങൾ ഇവിടെയുണ്ട്. എന്തുകൊണ്ടു അതു സാധിക്കുന്നില്ല. മന്ത്രിമാക്കു കാർഷിക കാര്യങ്ങളിൽ പ്രായോഗിക ജ്ഞാനം ഇല്ലാത്തതുകൊണ്ടുതികച്ചും ഈ വിഷയത്തിൽ അവർ അജ്ഞരാണ്. ആത്മാർത്ഥതയില്ലാത്തവരാണെന്നു ഞാൻ പറയുന്നില്ല. അറിയാവുന്നവർ പറഞ്ഞാൽ ശ്രദ്ധിക്കുകയുമില്ല. ഇന്നു ഈ വിഷയത്തെ സംബന്ധിച്ചു് ഒരു പ്രമേയം വാദത്തിനു വന്നപ്പോൾ കൃഷിമന്ത്രിയെ ഇവിടെ കാണ്മാനില്ല. മന്ത്രി ഇതിനു എത്ര പ്രാധാന്യം കൊടുത്തിട്ടുണ്ടെന്നു ഇതിൽനിന്നും മനസ്സിലാക്കാം.

ഡാക്ടർ ഇ. കെ. മാധവൻ: വിദ്യാഭ്യാസമന്ത്രിയുണ്ടല്ലൊ.

ശ്രീ. തര്യത് കുഞ്ഞിത്തൊമ്മൻ: വിദ്യാഭ്യാസമന്ത്രിയുണ്ടു്, പ്രധാനമന്ത്രിയുണ്ടു് അതുകൊണ്ടാണു പറയുന്നതു്. ഇവിടെ ഒരു കേന്ദ്ര കൃഷിവിജ്ഞാന സംഘമുണ്ടു്. കൃഷിയിൽ പ്രായോഗിക പരിജ്ഞാനം ഉള്ള ഒരാളെങ്കിലും അതിലുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. മന്ത്രിമാരുടെയിടയിലുമില്ല. ഫ ഠ വർഷം മുൻപു് കൃഷി വിദ്യാലയങ്ങളിൽ നിർബ്ബന്ധമായി പഠിപ്പിച്ചിരുന്നെങ്കിൽ ഇവരൊക്കെ കൃഷിയിൽ സാമാന്യ ജ്ഞാനമെങ്കിലും ഉള്ളവരായിരുന്നേനെ. കൃഷിയിൽ പ്രായോഗിക ജ്ഞാനമുള്ളവരെ കേന്ദ്ര കമ്മിറ്റിയിൽ വച്ചിരുന്നെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

വൻപിച്ച മുർവ്യയങ്ങൾക്കിടയാകാതെ കൃഷി വർദ്ധിക്കുന്നിടത്തോളം വർദ്ധിപ്പി ക്കാമായിരുന്നു. പുസ്തകത്തിൽ പഠിപ്പിച്ചാൽ മാത്രംപോരാ. താലൂക്കു കേന്ദ്ര ങ്ങളിലെങ്കിലും ഹൈസ്കൂളുകളോടുചേർന്നു ഓരോ ചെറിയ കൃഷിസ്ഥലങ്ങളും ഏർ പ്പെടുത്തി കൃഷിയിൽ പരിശീലനം നല്കണം. അല്ലാതേ ഈ വിഷയം വെറും ഗ്രന്ഥപ്പുഴുക്കളാക്കി കുട്ടികളെ പഠിപ്പിച്ചാൽ പോരാ. പ്രായോഗിക ജ്ഞാനം പ്രധാനമാണു്. കൃഷിസ്ഥലത്തു സസ്യങ്ങളും ചെടികളും നട്ടു വളമിട്ടു് വളർത്തണം പ്രകൃതിയോടും അധ്വാനത്തോടും വിദ്യാർത്ഥികൾ അടുത്തു ഇടപെടണം. നമ്മുടെ ഗവർമ്മെണ്ടു കൃഷിക്കു ഭൂമികൊടുത്തിരിക്കുന്നതു ദേവികുളം, പീരുമേടു, വണ്ടൻമേടു് പള്ളിവാസൽ മുതലായ ഉയർന്ന ഗിരിപ്രദേശങ്ങളിലാണു്. ആനമലറോഡിന്റെ വശങ്ങളിലും വണ്ടൻമേടു പർവ്വതങ്ങളിലും ബൗണ്ടറിസ്കീം ടാങ്കു് ഉപ യോഗിച്ചു് പെരുമഴയിൽ മണ്ണെല്ലാം കഴുകിയൊഴുക്കി കൃഷിസ്ഥലങ്ങൾ ഉണ്ടാക്ക കയാണു്. ഉയർന്ന ഗിരിപ്രദേശങ്ങളിലും വൻമലകളുടെ മദ്ധ്യത്തിലും ദരിദ്രജന ങ്ങൾപോയി കുടിപാർത്തു് സ്ഥിരമായി കൃഷി ചെയ്യുകയില്ല. അവിടെ നെല്ലും കപ്പയും ശരിയായി ഉണ്ടാകുകയുമില്ല. ജനവാസസ്ഥലത്തിനു സ മീപമായി റിസർവു വനത്തിൽനിന്നു രണ്ടു മൈൽ വീതിയിൽ നെടു നീളെ ഭൂമി എടുത്തു രണ്ടും മൂന്നും ഏക്കർ സ്ഥലമായി ദരിദ്രജനങ്ങൾക്കു കൊടുക്കുകയും ഇപ്പോൾ കൃഷിയുടെ നാമത്തിൽ ഉപയോഗിക്കുന്ന സബ് സിഡിയിൽ നിന്നു ഫ ൦ ൦-൦, ന. ൦ ൦-൦ രൂപാവീതം ഭൂമിമേൽ കടമായി ഇവർക്കു് നല്കുകയും ചെയ്തിരുന്നുവെങ്കിൽ അനേകസഹസ്രം കുടുംബങ്ങളുടെ ജീ വിതക്ലേശത്തിനു ശമനമുണ്ടാകുകയും ആഹാരസാധനങ്ങളായ നെല്ലും കപ്പയും വ ളരെ കൃഷി ചെയ്യുകറെയെങ്കിലും പരിഹാരംവരുത്തുകയും ചെയ്യാമായിരുന്നു. ഉയർന്ന ശീതഭൂമിയിലെ ഈയാണ്ടത്തെ നെൽകൃഷി മിക്കവാറും ശീതക്കാ റും അതിവർഷവുംകൊണ്ടു മണിപിടിക്കാതെ പോയിരിക്കുകയാണു്. അ വിടെ കപ്പ ഉണ്ടായാൽത്തന്നെയും നാട്ടിൽ കൊണ്ടുവരുന്നതിനുള്ള വാഹനച്ചെ ലവു വിലയോളമെങ്കിലും ആകും. വൻപിച്ച നദികളിൽ കോടിക്കണക്കിനു രൂപാ ചെലവുചെയ്തു് കപ്പനടുന്ന കുന്നംപുറങ്ങളിൽ വെള്ളംകയറി കുന്നുകൾ കുത്തിനിരത്തി കൃഷി വർദ്ധിപ്പിക്കാനാണുപോകുന്നതു്. ഓരേക്കർനിലത്തിൽനി ന്നു കിട്ടുന്നതിന്റെ ഇരട്ടിയെങ്കിലും ആഹാരസാധനം ഒരേക്കർ കപ്പകൃഷിയിൽ നിന്നുകിട്ടും. കപ്പയ്ക്കു് വിലയും കുറവാണു്. ദരണാധികാരികൾക്കു് കൃഷികാ ര്യങ്ങളിലുള്ള അജ്ഞതകൊണ്ടു രാജ്യത്തിനുണ്ടാകുന്ന വിപത്തു നോക്കുക. കല്ലി ലും മുള്ളിലും ചേറിലും ചവുട്ടി, വെയിലും മഴയുമേറ്റു് അഡ്വാനിച്ചാണു കർ ഷകൻ കൃഷിനടത്തുന്നതു്. അവന്റെനിലം ദിനംപ്രതി പരിതാപകരമായി ത്തീർന്നുകൊണ്ടിരിക്കുന്നു. ഇടനാടുകളിലാണു കപ്പകൃഷിചെയ്യുന്നതു്. അവിടെ ത്തുടർന്നു കപ്പ നട്ടുകൊണ്ടും, വളമെല്ലാം ഒലിച്ചുപോയതുകൊണ്ടും ഫലപുഷ്ടി തീരെ കുറഞ്ഞുപോയിരിക്കുകയാണു്. കപ്പയാണു പട്ടിണിനിമിത്തമുള്ള മരണ ത്തിൽനിന്നും ജനങ്ങളെ രക്ഷിക്കുന്നതു്. കപ്പകൃഷിക്കു ഒരുൺസു വളംപോലും കൊടുക്കുകയില്ല. ഒരംശം പുറത്തുവിറ്റ വില വാങ്ങുവാൻ അനുവദിക്കുകയുമില്ല. കപ്പകൃഷിക്കാർ മിക്കവാറും നിലങ്ങളുള്ളവരൊ മറ്റു കൃഷിയുള്ളവരൊ അല്ല, ഉപ്പുതൊട്ടു കർപ്പൂരംവരെ കപ്പ വിറ്റുകിട്ടുന്ന പണംകൊണ്ടു വാങ്ങിക്കേണ്ടവരാ ണവർ. നെൽകൃഷിക്കാർക്കു അവരുടെ ചെലവുപോലും കിട്ടത്തക്ക നെല്ലുവില കൊടുക്കുന്നില്ല. ചൂടുവെള്ളമൊഴിച്ചു വിളവുവർദ്ധിപ്പിക്കുവാൻ പോകുന്ന പോലാണിതു. വിത്തിനുപോലും ശേഷിപ്പിക്കാതെ പലയിടത്തും നെല്ലെടു ത്തുവരുന്നു. കരമായി കർഷകരിൽനിന്നു പിരിക്കുന്ന പണമധികവും വലിയവ്യ വസായികർക്കു ലോണിനും ക്ഷയറിനും പോകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ഈ പറയുന്നതു മന്ത്രം പ്രമേയത്തിന്റെ പരിധിയിൽപെടുന്ന കാര്യമല്ല.

ശ്രീ. തരൂതുകുഞ്ഞിത്തൊമ്മൻ: കൃഷിവിഷയത്തിൽ ഭരണാധികാരികൾക്കു വേണ്ട അറിവില്ലാത്തതുകൊണ്ടാണു ഇതെല്ലാം സംഭവിക്കുന്നതു്. എന്നാൽ ആ അജ്ഞത മേലാൽ സംഭവിക്കാതിരിക്കാൻ കൃഷി പഠിപ്പിക്കണമെന്നു പറയുകയാണു ഞാൻ കാര്യകാരണസഹിതം വിശദീകരിച്ചാലെ കാര്യം വ്യക്തമാകുകയുള്ളല്ലൊ. തെളിവിനു സംബന്ധപ്പെട്ടകാര്യംകൂടി പറയണമെന്നാണല്ലൊ തെളിവുശാസ്ത്രം അനുശാസിക്കുന്നതു്. എന്തായാലും കൃഷി ശരിയായി വിദ്യാലയങ്ങളിൽ പഠിപ്പിച്ചേ കഴിയു. കൃഷി അറിയാവുന്നവരെ തിരഞ്ഞെടുത്തു കേന്ദ്രകമ്മിറ്റിയിൽ ചേർക്കണം. അദ്ധ്യക്ഷനായി നല്ല കൃഷിക്കാരനെ വയ്ക്കണം.

ശ്രീ. കെ. കരുണാകരൻ: മെംബറെ എല്ലിച്ചാൽ കാര്യം ശരിയാകുമോ?

ശ്രീ. തരൂതുകുഞ്ഞിത്തൊമ്മൻ: എനിക്കു മിക്കതരം കൃഷികളും അറിയാം. ഞാൻ ഇതിന്റെ ചുമതലവഹിച്ചിരുന്നുവെങ്കിൽ ഈ വൻപിച്ച വ്യയംകൂടാതെതന്നെ ഇപ്പോൾ ഉണ്ടായിട്ടുള്ളതിൽ കൂടുതലായി വിളവുവർദ്ധനവും പൗരസഹസ്രം അവശ കുടുംബങ്ങൾക്കു കൃഷിക്കു സൗകര്യമുണ്ടാകുമായിരുന്നു. എനിക്കു വെട്ടാനും കിളയ്ക്കാനും ഉഴവാനും അറിയാം. എന്തെല്ലാം കൃഷികൾ എവിടെല്ലാം ചെയ്യാമെന്നും അതു എങ്ങനെചെയ്യണമെന്നും അറിയാം. നിങ്ങളുടെ ചോദ്യത്തിനു ഞാൻ ലജ്ജയോടെ തലതാഴ്ത്തേണ്ടതില്ല. എന്നാൽ എനിക്കു ഒരു കമ്മിറ്റിയിലും ഇരുന്നു പ്രവർത്തിക്കുവാൻ സൗകര്യമില്ല. ഞാൻ കമ്മിറ്റി ഇനത്തിൽ ഒരു പൈ പറ്റുന്നില്ല, പറ്റാനും വിചാരിക്കുന്നില്ല. പറയാനുള്ളതു പറഞ്ഞു. ശ്രദ്ധിക്കാനുള്ളവർ ശ്രദ്ധിച്ചാൽകൊള്ളാം.

ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ: ബഹുമാനപ്പെട്ട ശ്രീ. കെ. കെ. വിശ്വനാഥൻ ഹാജരാക്കിയ പ്രമേയത്തെ പിൻതാങ്ങാൻ ഞാനാഗ്രഹിക്കുന്നു. നാം ഇന്നയിടയായി വളരെയധികം കേട്ടുകൊണ്ടിരിക്കുന്ന രണ്ടു വിഷയങ്ങളാണു് സഹകരണവും, കൃഷിയും. ജനങ്ങളെ വശീകരിക്കാൻവേണ്ടി ഈ രണ്ടു പദങ്ങളും പലരും എടുത്തു പെരുമാറാറുണ്ടു്. പ്രത്യേകിച്ചും സഹകരണം. സഹകരണയോഗക്ഷേമം രാജ്യത്തു ഏർപ്പെടുത്താൻപോകയാണു്, അതു വന്നുകഴിഞ്ഞാൽ ജനങ്ങൾക്കു യാതൊരുവിധത്തിലുള്ള ക്ലേശങ്ങളും ദുരിതങ്ങളും ഉണ്ടാകാൻപോകുന്നില്ല, എന്നൊരു ആശ ജനങ്ങളുടെ ഇടയിൽ വളർന്നുവരുന്നു. ഇതുപോലെ പ്രാധാന്യമേറിയ ഈ വിഷയം നമ്മുടെ വിദ്യാർത്ഥികൾക്കു് ബോധനം ചെയ്യണമെന്നു പറയുകയാണെങ്കിൽ അതിൽ അശേഷം അപാകമില്ല. ഹൈസ്കൂൾ ക്ലാസുകളിൽ പഠിപ്പിക്കുന്ന വിഷയങ്ങൾ അനേകമാണു്. അവയുടെ എണ്ണം ഇനിയും കൂട്ടുകയല്ല; സഹകരണത്തേയും കൃഷിയേയും പഠിപ്പിക്കാൻ പ്രത്യേകം അദ്ധ്യാപകന്മാർ വേണം; എന്നൊക്കെപറയുന്നുണ്ടു്. അതു പഠിപ്പിക്കുന്നതിനൊരു തടസ്സമായിവരുന്നതല്ല. അങ്ങനെവരാൻ പാടില്ലാത്തതുമാണു്. അതുകൊണ്ടു് ഈ പ്രമേയം അതേപടി ഈ സഭ സ്വീകരിക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്.

സർ, പല രാഷ്ട്രീയകക്ഷിയിൽപ്പെട്ടവരും പറയുന്നുണ്ടു്, സഹകരണയോഗക്ഷേമമാണു് നമ്മുടെ ഭാവി സാമൂഹ്യസാമ്പത്തികക്രമത്തിന്റെ രൂപം എന്നു. എന്നിട്ടും സഹകരണത്തെക്കുറിച്ചു് യാതൊരു ബോധവും നമ്മുടെ ഭൂരിപക്ഷത്തിനു് ഉണ്ടാകാഞ്ഞതുമോ? സഹകരണത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിദ്വാന്മാരായ സഹകാരികൾക്കുപോലും സഹകരണത്തെക്കുറിച്ചു് ശരിയായ ബോധം ഉണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടില്ലെന്നു വിചാരിക്കേണ്ട അവസരങ്ങളും പലതുമുണ്ട്. സഹകരണയോഗക്ഷേമം ലക്ഷ്യമാക്കിക്കൊണ്ട് മുന്നോട്ടുനീങ്ങുന്ന നമ്മുടെ ഗവണ്മെൻറുപോലും സഹകരണത്തിൻെറ തത്വസംഹിതവിസ്മരിച്ചു പ്രവത്തിക്കാറില്ലേ എന്നു സംശയം പലപ്പോഴും തോന്നാറുണ്ട്. ഗവണ്മെൻറ് അനുവദിച്ചുതനുസരിച്ച് റേഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങളെനോക്കു. ഇന്നു തിരുവിതാംകൂർ കൊച്ചി ഗവണ്മെൻറിൻെറ അനുമതിയോടുകൂടി സഹകരണസ്ഥാപനം വഴി നടത്തുന്ന വ്യവസായങ്ങളും വളരെ അധികമുണ്ട്. തിരുവിതാംകൂർ വിഭാഗത്തിൽ റേഷൻ വിതരണം നടത്തുന്ന സംഘങ്ങളും ഒന്നുപോലും അതിൻെറ അറ്റാദായത്തിൽനിന്നു അറ്റാദായത്തിനു കാരണമാക്കുന്നവർക്കു ബോണസ്സുനൽകുന്നില്ലെന്നു ഗവണ്മെണ്ടു കഴിഞ്ഞ നിയമസഭാസമ്മേളനക്കാലത്തു ഒരു ചോദ്യത്തിനു മറുപടി കൊച്ചിവിഭാഗത്തു ചില സംഘങ്ങളും നൽകുന്നുവെന്നു നൽകുന്നതു എങ്ങനെയെന്നും എത്രയെന്നും നമുക്കറിയാം. ഇതൊന്നും സഹകരണമല്ല. ഏതൊരു കാര്യവും സഹകരണത്തെ ഏല്പിച്ചുവെന്നു പറഞ്ഞതുകൊണ്ടു കാര്യമായില്ല. റേഷൻ വിതരണമാണെങ്കിൽ ഉപഭോക്താക്കളെല്ലാം സഹകരണത്തിൽ അംഗങ്ങളാക്കുകയും അതിൽനിന്നുണ്ടാകുന്ന അറ്റാദായം അംഗങ്ങൾക്കിടയിൽ അറ്റാദായമുണ്ടാക്കാൻ കാരണഭൂതനും നൽകിയ സംഭാവനയുടെ തോതുനോക്കി വീതിക്കപ്പെടുകയും ചെയ്യണം. അതിവിടെ ശരിക്കു നടക്കുന്നില്ല. ഇന്നു വ്യക്തികളും നടത്തുന്ന പൂഷണം കൂട്ടായിട്ടു നടത്തുവാൻ സഹകരണസംഘങ്ങളെ ഏൽപ്പിക്കുന്നുവെന്നുമാത്രമേയുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: ആഡർ, ആഡർ. സഹകരണം, കൃഷി എന്നിവ നിർബന്ധവിഷയങ്ങളായി ഹൈസ്കൂളിൽ പഠിപ്പിക്കണമെന്നു മാത്രമേ ഈ പ്രമേയത്തിൽ പറഞ്ഞിട്ടുള്ളൂ.

ശ്രീ. ടി. കെ. കുഞ്ഞുപ്പൻ: സർ, എന്തായാലും ജനങ്ങളുടെ ഇടയിൽ സഹകരണം ആവശ്യമാണെന്നു ഒരു ബോധമുള്ളതുകൊണ്ടാണ് സഹകരണസംഘങ്ങൾ നമ്മുടെ നാട്ടിൽ പ്രവത്തിച്ചുകൊണ്ടിരിക്കുന്നതു. കൃഷിയെ സംബന്ധിച്ചിടത്തോളവും അതുതന്നെയാണു നില. എന്നാൽ നമ്മുടെ വിദ്യാലയങ്ങളിലെ ചെറിയ വിദ്യാർത്ഥികൾക്ക് ഈ രണ്ടു വിഷയങ്ങളെ സംബന്ധിച്ചും ശരിയായ വിജ്ഞാനം നൽകിയെ കഴിയൂ. അമേരിക്കയിലും പാശ്ചാത്യ രാജ്യങ്ങളിലും വിദ്യാലയങ്ങളിൽ സഹകരണം പഠിപ്പിക്കുന്നതായി കാണുന്നുണ്ട്. അതുപോലെ ഇവിടെയും ചെയ്യുന്നതിനു വിരോധമെന്തു? സഹകരണത്തിൽ വിദ്യാർത്ഥികൾക്ക് പ്രായോഗികജ്ഞാനം നൽകുവാൻ എളുപ്പമുണ്ട്. സ്കൂളുകളിൽ വിദ്യാർത്ഥികളുടെ സഹകരണസ്റ്റോറുകളും ഏർപ്പെടുത്തിയാൽമതി. ഈ വിഷയത്തെപ്പറ്റി ഇവിടെ എത്ര ഊന്നിപറഞ്ഞാലും മതിയാകയില്ല. കുട്ടികളായിരിക്കുമ്പോൾതന്നെ ശരിയായ ബോധനം നൽകുകയാണെങ്കിൽ അവരുടെ ഭാവി ജീവിതത്തിൽ അതു പ്രായോഗികമാക്കുവാൻ കഴിയുമെന്നുള്ളതിനു സംശയമില്ല. പരിശീലനം സിദ്ധിച്ചാൽമാത്രംപോരാ, പ്രവൃത്തിയിൽകൊണ്ടുവന്നാൽ മാത്രമേ ഫലമുള്ളൂ. അതുകൊണ്ടു ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുകയും, ഈ സഭ ഇതു സ്വീകരിക്കണമെന്നപേക്ഷിക്കുകയും ചെയ്യുന്നു.

ശ്രീ. അലക്സാണ്ടർ വാകയിൽ: സർ, എനിക്ക് ഈ പ്രമേയത്തോടു യോജിക്കാൻ നിവൃത്തിയില്ലാതെവന്നതിൽ വ്യസനമുണ്ട്. സഹകരണവും കൃഷിയും ഇന്നത്തെ വിദ്യാർത്ഥിവിദ്യാർത്ഥിനികളെ പഠിപ്പിക്കുന്നതു വളരെ നല്ലതുതന്നെ. നമ്മുടെ രാജ്യം ഒരു കർഷകരാജ്യമാണ്. നാം അനുഭവിക്കുന്ന സാമ്പത്തികവിഷമതകൾക്കു നിവാരണവും ഉന്നതിയും വരണമെങ്കിൽ പ്രധാനമായി കാർഷി

LIBRARY ARCHIVES Kerala Legislative Assembly

[Sri. Alexandar Vakayil]

കപ്രവത്തനങ്ങളിൽ ഏർപ്പെടണം; അതു ശരിയാണു്. അതുപോലെതന്നെ സഹകരണപ്രസ്ഥാനങ്ങളും വളരെ ആവശ്യമായ ഒന്നാണു്. സ്വതന്ത്രഭാരതത്തിൽ സഹകരണാടിസ്ഥാനത്തിലാണല്ലൊ സകല സംരംഭങ്ങളും പ്രവത്തനം ചെയ്യുവാൻ പോകുന്നതു. എന്നാൽ സഹകരണം, കൃഷി എന്നീ രണ്ടു വിഷയങ്ങളും നമ്മുടെ രാജ്യത്തെ ഹൈസ്കൂളുകളിൽ ഐശ്ചികവിഷയമായിട്ടൊ, നിർബന്ധവിഷയമായിട്ടോ പഠിപ്പിക്കുവാൻ ഏർപ്പെടുത്തിയാൽ അതിൽ പ്രയോഗികവിഷമതകൾ വളരെയുണ്ടു്. ഏതാനും കൊല്ലങ്ങൾ മുമ്പുമുതൽക്കുള്ള ചരിത്രം പരിശോധിച്ചുനോക്കിയാൽ ഇവിടെ ഇംഗ്ലീഷും മലയാളവും മാത്രമേ നിർബന്ധവിഷയമായിരിന്നുള്ളൂ. എന്നാൽ ഇപ്പോൾ ഹിന്ദികൂടി ഒരു നിർബന്ധവിഷയമാക്കിയിട്ടുണ്ടു്. ഇങ്ങനെ മൂന്നു വിഷയങ്ങൾ ഇപ്പോൾ നിർബന്ധവിഷയങ്ങളായി പഠിപ്പിക്കുന്നുണ്ടു്. അതുപോലെ ലോകചരിത്രം ഒരു പുതിയവിഷയമാണു് എല്ലാ രാജ്യങ്ങളുടേയും ചരിത്രംതന്നെ മിക്കവാറും അദ്ധ്യാപകന്മാർക്കുപോലും അറിഞ്ഞുകൂടാ. അങ്ങിനെയിരിക്കെ സഹകരണവും കൃഷിയുംകൂടി പഠിപ്പിക്കുകയാണെങ്കിൽ കുട്ടികൾക്കു് ഒരു വിഷയവും ശരിക്കു പഠിക്കുവാൻ സാധിക്കുന്നതല്ല, എന്നു മാത്രമല്ല കുട്ടികളെ വിഷമിപ്പിക്കുന്ന ഒരു സംപ്രദായവും കൂടിയായിരിക്കും. അതുകൊണ്ടു കൃഷിയും സഹകരണവും പഠിപ്പിക്കണമെന്നുണ്ടെങ്കിൽ ഇപ്പോൾ പഠിപ്പിച്ചുവരുന്ന ചില വിഷയങ്ങൾ മാറണം. അല്ലാതെ കുട്ടികളെ വിഷമിപ്പിക്കരുതു്. പത്തിരുപതുകൊല്ലങ്ങൾക്കു മുമ്പു കൊച്ചിയിൽ സഹകരണം സ്കൂളിൽ പഠിപ്പിക്കണമെന്നുള്ള ഒരു നിർദ്ദേശമുണ്ടായിരുന്നു. അതനുസരിച്ചു അന്നത്തെ ഡയറക്ടർ മത്തായി എല്ലാ സ്കൂളുകളിലേയും ഓരോ അദ്ധ്യാപകനും സഹകരണം ടെയിനിംഗ്ഗ് കൊടുത്തു സ്കൂളുകളിൽ സഹകരണം പഠിപ്പിക്കുവാൻ തുടങ്ങി. പക്ഷെ ഒരു കൊല്ലത്തിനകം അതു അപ്രായോഗികമാണെന്നു കണ്ടിട്ടു അതു മാറ്റി അങ്ങിനെ നമ്മുടെ നാട്ടിലും ഈ വിഷയം സ്കൂളുകളിൽ പഠിപ്പിക്കുവാൻഏർപ്പെടുത്തുന്നതിനു മുമ്പു ശരിയായിട്ടുള്ള ടെയിനിംഗ്ഗ് അദ്ധ്യാപകന്മാർക്കു് കൊടുക്കേണ്ടതുണ്ടു്. കൂടുതൽ അദ്ധ്യാപകന്മാരേയും ആവശ്യമുണ്ടു്. സഹകരണപ്രസ്ഥാനം ആവശ്യമാണു്. സഹകരണതത്വം പഠിക്കേണ്ടതുമാണു്. എന്നാൽ ഇന്നു സഹകരണപ്രസ്ഥാനം കള്ളന്മാരുടേയും കൊള്ളക്കാരുടെയും ഒരു സാങ്കേതസ്ഥാനമായിട്ടാണു തീർന്നിരിക്കുന്നതു്. അതിനു ഉദാഹരണങ്ങൾ പലതും ഉണ്ടു്. മൂവാറ്റുപുഴ സഹകരണ ബാങ്കിന്റെ സെക്രട്ടറിയുടെ വക ഉദ്ദേശം ആറായിരം ഉറുപ്പിക വില വരുന്ന ഒരു അച്ചടിയന്ത്രം നാല്പതിനായിരം ഉറുപ്പികയ്ക്കു് സംഘത്തിലേക്കു തീറുകൊടുത്തു. അതിൽനിന്നു അങ്ങിനെ നാ ർ ആയിരം ഉറുപ്പിക ലാഭമുണ്ടാക്കി.

Sri. P. Balakrishnan Tampi: May I know whether this does not show Specialisits' knowledge in enjoying "credit"?

ശ്രീ. അലക്സാണ്ടർ വാകയിൽ: അതു വാസ്തവമാണു്. അതുപോലെ പല സംഗതികളും ഉണ്ടു്.

കൃഷിയിൽ കുട്ടികൾക്കു് വാസന വളർത്തുന്നതു നല്ലതാണു്. സ്കൂളുകളിലുള്ള പറമ്പുകളിൽ ഓരോ കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കിവച്ചു് അദ്ധ്യാപകന്മാർ കുട്ടികളെ അവിടെ കൊണ്ടുപോയി കൃഷി സംബന്ധമായ കാര്യങ്ങളിൽ അവർക്കു് പ്രായോഗികമായ ഉപദേശങ്ങൾ നൽകുകയും കൃഷി പ്രവർത്തികൾ അവരെക്കൊണ്ടു ചെയ്യിക്കുകയും ചെയ്യുന്നതു നല്ലതാണു്. എന്നാൽ അങ്ങനെ തത്പരമായി പഠിപ്പിക്കുന്നതിനു ഒഴിവു സമയങ്ങൾ ഉപയോഗിക്കുന്നതായാൽ വളരെ കാര്യക്ഷമമായിരിക്കും. അതല്ലാതെ പഠിക്കുവാനുള്ള വിഷയങ്ങൾ കണ്ടമാനം

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിച്ചുപഠിപ്പിച്ചാൽ അവർ പഠിക്കുകയില്ല. നേരെമറിച്ച് അവർ നിരാശപ്പെടുകയാണു ചെയ്യുക. ഇങ്ങനെയുള്ള സംഗതികളിൽ യഥാർത്ഥമായി പരിചയമില്ലാത്തതുകൊണ്ടായിരിക്കാം പല അംഗങ്ങളും കൃഷി, കൈത്തൊഴിൽ തുടങ്ങിയ വിഷയങ്ങളും പാഠപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നു പറയുന്നതു്.

ശ്രീ. തരൃത്തു കഞ്ഞിത്തൊമ്മൻ: കൃഷിയുമായിട്ടു പരിചയമില്ലാത്തതുകൊണ്ടല്ലേ ബഹുമാനപ്പെട്ട മെംബർ ഇങ്ങനെ പറയുന്നതു്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഞാൻ ഇൗൽഡു ചെയ്യുന്നില്ല. അതുകൊണ്ടു സഹകരണവും കൃഷിയും പഠിപ്പിക്കേണ്ടതു് നിർബന്ധിതമാക്കണമെന്നുള്ളതു പ്രായോഗികമാക്കുവാൻ പ്രയാസമുള്ളതിനാൽ ആ പദ്ധതി തല്ക്കാലം സ്വീകരിക്കേണ്ടതില്ലെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. കെ. അയ്യപ്പൻ: ഞാൻ ഇപ്പോൾ ഇവിടെ വന്നതിനുശേഷം രണ്ടു പേരുടെ പ്രസംഗങ്ങളും കേട്ടു. അതു വച്ചുകൊണ്ടു ഈ പ്രമേയത്തെപ്പറ്റി ഒരു സംഗതി പറഞ്ഞാൽകൊള്ളാമെന്നു എനിക്കും തോന്നുന്നുണ്ടു്. ശ്രീ. അലക്സാണ്ടർവാകയിൽ പറഞ്ഞതു്, ഇതു രണ്ടും കൂടി പഠിക്കുവാൻവച്ചാൽ കുട്ടികൾക്കു പഠിക്കുവാനുള്ളഭാരം കൂടിപ്പോകുമെന്നാണു്. ആ കാരണംകൊണ്ടു് ഈ വിഷയങ്ങളും പഠിപ്പിക്കാതിരിക്കണമെന്നു് എനിക്കു തോന്നുന്നില്ല. ഒരു കെട്ടഭാരത്തിൽ ഇടക്കു് ഒരു കഷണവുംകൂടി തിരുകി കയറ്റിയാൽ സാധാരണയായി വലിയ വിഷമമൊന്നും വന്നു കാണാറില്ല. അതുപോലെ കുട്ടികളെ എത്ര വിഷയം പഠിപ്പിച്ചാലും പഠിക്കാവുന്നിടത്തോളം മാത്രമേ അവർ പഠിക്കുകയുള്ളൂ. അതുകൊണ്ടു ഒരു വിഷമവും വരുവാനില്ല. എല്ലാ വിഷയവും മുഴുവൻ പഠിപ്പിക്കാൻ വിഷമമാണെങ്കിൽ എല്ലാത്തിലും കുറേശ്ശ പഠിപ്പിക്കണം. എന്നാൽ ഇതിനുവേണ്ടി ഒരു പുസ്തകവും കൂടി കുട്ടികൾ വാങ്ങാൻ ഇടവരുത്തരുതു്. ഇപ്പോൾതന്നെ പുസ്തകങ്ങളും നോട്ടു പുസ്തകങ്ങളും വാങ്ങിച്ചു വീട്ടുകാരും, ചുമന്നു കുട്ടികളും വിഷമിക്കുന്നുണ്ടു്.

വിദ്യാഭ്യാസം തൊഴിലുകളിൽകൂടി വേണമെന്ന അഭിപ്രായത്തിനു ശക്തി കൂടിവരുന്ന ഇപ്പോൾ കൃഷിയും സഹകരണവും നിർബ്ബന്ധിതവിഷയങ്ങളായി പഠിപ്പിക്കരുതെന്നു പറയാൻ പ്രയാസമുണ്ടു്. ഈ പ്രമേയം സ്വീകരിച്ചാൽ അതു നടപ്പാക്കേണ്ടതെങ്ങനെയെന്നുള്ളതു ഗവൺമെൻറിനു വിട്ടുകയാണുനല്ലതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഈ പ്രമേയംകൊണ്ടു് ആവശ്യപ്പെടുന്നതു് അടുത്തസ്കൂൾ വർഷംമുതൽ സംസ്ഥാനത്തെ ഹൈസ്ക്കൂൾ ക്ലാസുകളിൽ സഹകരണവും കൃഷിയും ഐച്ഛികമായി പഠിപ്പിക്കുവാൻ ഗവൺമെണ്ടു വേണ്ട വ്യവസ്ഥ ചെയ്യണമെന്നാണു്. ഈ പ്രമേയം ഈ സഭ അംഗീകരിക്കുകയും ഗവൺമെണ്ടു യഥാസമയം സ്വീകരിക്കുകയും ചെയ്യാൽ അടുത്തസ്കൂൾവർഷംമുതൽ ഈ വിഷയങ്ങളും ഹൈസ്ക്കൂൾ ക്ലാസുകളിൽ ആരംഭിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഹൈസ്കൂൾ ക്ലാസുകൾ എന്നു പറഞ്ഞാൽ ഫോർത്തുഫാറവും ഫിഫ്ത്തുഫാറവും സിക്സ്ത്തുഫാറും ആണല്ലോ. ഈ പ്രശ്നത്തിന്റെ ഔചിത്യവും പ്രത്യേകതയും വിവരിച്ചുകൊണ്ടുള്ള പ്രസംഗങ്ങളും നാം കേട്ടുകഴിഞ്ഞു. വിദഗ്ദ്ധാഭിപ്രായങ്ങളും ധാരാളം പറഞ്ഞുകഴിഞ്ഞു. എനിക്കു ഇപ്രയവസരത്തിൽ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനുള്ളതു നമ്മുടെ ഗവൺമെണ്ടു്, കൃഷിയുടേയും കൃഷിവർദ്ധനവിന്റെയും പേരിൽ ഇന്നു നമ്മുടെ സ്കൂളുകളും ട്രെയിനിംഗ് ക്ലാസുകളും നടത്തിപ്പോരുന്നുണ്ടെന്നും, കൊട്ടാരക്കര

LIBRARY ARCHIVES Kerala Legislative Assembly

[Sri T. T. Kesavan Sastri]

യും ആലുവായിലും—കൊച്ചിയിലെ കായ്യും എനിക്ക നല്ല നിശ്ചയമില്ല-പ്രത്യേകം കൃഷിപാഠശാലകളും നടത്തിവരുന്നുണ്ടെന്നുമാണ്. അവിടെ പഠിച്ചു വിജയം സമ്പാദിക്കുന്ന അദ്ധ്യാപകർക്ക് ധനപരമായ സഹായങ്ങളും, കൃഷിക്കുവേണ്ട സ്ഥലങ്ങളും നൽകി പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. അങ്ങനെ ചെയ്യുന്നില്ലെന്ന ഞാൻ പറയുന്നില്ല. എന്നാൽ ഈ പ്രമേയം അംഗീകരിക്കുകയാണെങ്കിൽ ഇവിടെ കാർഷിക ഹൈസ്ക്കൂളുകളും കാർഷിക കോളേജുകളും ആരംഭിക്കുവാൻ അവസരം ലഭിക്കുന്നതാണ്.

അതുപോലെതന്നെ സഹകരണത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ നിശ്ചയമായും അതു ലോകസമാധാനത്തിനും സാമ്പത്തികമായ ഉൽക്കർഷത്തിനും പറഞ്ഞിരിക്കുന്ന പ്രാധാന്യമേറിയ വിഷയമാണെന്നാണ് എന്റെ അഭിപ്രായം. മുമ്പൊരിക്കൽ ഈ വസ്തുത ഇവിടെ എടുത്തു പറയുകയുണ്ടായി. "സഹകരണം ഭാവിയിലെ മതം" എന്ന ബഹുമാന്യനായ ഒരു സഹകാരി അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ സഹകരണമതാദർശത്തിലൂടെ ജനങ്ങൾക്ക മുന്നോട്ട പോകുന്നതിനും, സ്നേഹത്തോടും അന്യർശത്രുതയിയോടും ജീവിക്കുവാൻ മനുഷ്യസമുദായത്തെ പ്രാപ്തരാക്കുന്നതിനും സാധിക്കുമെന്നാണ എന്റെ അഭിപ്രായം. സർ, ചരിത്രത്തിനും ഭൂമിശാസ്ത്രത്തിനും അഭേദ്യമായ ബന്ധമുള്ളതുപോലെ, സംഗീതത്തിനും സാഹിത്യത്തിനും അവിഭാജ്യമായ ബന്ധമുള്ളതുപോലെതന്നെ കൃഷിക്കും സഹകരണത്തിനും തമ്മിൽ വലിയ ബന്ധമുണ്ട്. നമ്മുടെ സ്ക്കൂളുകളിൽ ഡ്രില്ലും ഡ്രായിംഗുംതന്നെ അഭ്യസന വിഷയങ്ങളാണ്. അതുപോലെതന്നെ ക്ലാസുകളിൽ അഭ്യസനത്തിനു പറഞ്ഞിരിക്കുന്ന വിഷയങ്ങളാണ് കൃഷിയും സഹകരണവും എന്നു നമുക്കറിയാവുന്നതാണ്. അങ്ങനെ പ്രായോഗികവും സന്ദർഭോചിതവുമായ ഈ പാഠപദ്ധതി കൂടെ നമ്മുടെ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽനിന്നും യഥാസമയം അംഗീകരിച്ചു നടപ്പിലാക്കുന്നതു രാജ്യത്തിനു ക്ഷേമകരമായിരിക്കും എന്നുള്ള സംഗതി ശവമ്മെണ്ടിനെയും ഈ സഭയെയും അറിയിക്കുവാൻ ഞാൻ നിർബന്ധിതനാണ്. ഈ പ്രമേയം, ഇതിന്റെ പ്രയോക്താവു ഈ സഭയുടേയും ശവമ്മെണ്ടിന്റെയും അനുകൂലാഭിപ്രായം ആവശ്യപ്പെട്ടുകൊണ്ട് അവതരിപ്പിച്ചതു ഏറെ ചൂം ആശാസ്യവും അഭിനന്ദനീയവുമാണെന്ന പ്രത്യേകം അഭിപ്രായപ്പെട്ടുകൊണ്ടു ഈ പ്രമേയത്തെ ഞാൻ ബലമായി അനുകൂലിച്ചു കൊള്ളുന്നു.

ശ്രീ. സബാസ്റ്റ്യൻതോപ്പിൽ: സർ, ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. സഹകരണവും കൃഷിയും അടുത്തവർഷം മുതൽക്ക ഹൈസ്ക്കൂൾ ക്ലാസുകളിൽ നിർബന്ധിതവിഷയമാക്കണമെന്നുള്ള ഭേദഗതിയോടുകൂടിയാണ് ഞാൻ കൂടുതൽ യോജിക്കുന്നതു്. കൃഷിയും സഹകരണവും ഹൈസ്ക്കൂളിൽ പഠിപ്പിക്കണമെന്നുള്ളതാണല്ലൊ അവതാരകന്റെ ഉദ്ദേശം. എന്നാൽ പഠിപ്പിക്കുക എന്നുള്ളതു രണ്ടുവിധത്തിലാണ്. ഒന്നു പഠിപ്പിക്കുവാൻ പഠിപ്പിക്കുക, രണ്ടാമത്തേതു് പഠിക്കാൻ പഠിപ്പിക്കുക. പഠിപ്പിക്കുവാൻ പഠിപ്പിക്കുന്നതിനെപ്പറ്റി എനിക്കൊന്നും പറയാനില്ല. പഠിക്കുവാൻ പഠിപ്പിക്കുന്നവരോടായിട്ടാണ് എനിക്കു സംസാരിക്കുവാനുള്ളതു്. ഒരു പുതിയ മാർഗ്ഗത്തിലേക്കാണ് ഇനി നമ്മുടെ ജീവിതം ആരംഭിക്കുവാൻ തുടങ്ങുന്നതു്. സ്വതന്ത്ര ഭാരതത്തിന്റെ ലക്ഷ്യംതന്നെ ഒരു സഹകരണയുഗത്തിലേക്കാണ്. ആ ലക്ഷ്യത്തെ ഉന്നംവച്ചുകൊണ്ടാണ് ഇന്നു സഹകരണസംഘങ്ങൾ വഴിയായി നമ്മുടെ പ്രവർത്തനങ്ങൾ സാധിതപ്രായമാക്കണമെന്നു ഞാൻ പറയുന്നതു്. സഹകരണസംഘങ്ങളുടെ പൂർവ്വചരി

LIBRARY ARCHIVES Kerala Legislative Assembly

ത്രം അറിവുള്ളവർക്ക്—അതിന്റെ പൂർവ്വചരിത്രം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നവർക്ക്—അതിലൊരു വൈമുഖ്യം ഉണ്ട്. വളരെകാലങ്ങളായി ഈ സഹകരണസംഘങ്ങൾ, അതിന്റെ ശരിയായ അഭിവൃദ്ധിക്കുവേണ്ടിയുള്ള യത്നങ്ങളിൽ സഹകരണബോധമില്ലാതെ, വ്യക്തിതാല്പര്യങ്ങൾ മുൻനിറുത്തി പ്രവർത്തിച്ചു സഹകരണാദർശത്തെത്തന്നെ മലിനപ്പെടുത്തിയതുകൊണ്ടു പലർക്കും അതിന്റെ പേരിൽ ഒരു അവജ്ഞതോന്നിത്തുടങ്ങിയിട്ടുണ്ട്. ഈ കാരണത്താൽ സഹകരണസംഘങ്ങൾ ആവശ്യമില്ലെന്നോ, സഹകരണം വഴിയായി നമ്മുടെ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള യത്നങ്ങളിൽ പ്രവർത്തിക്കുന്നതുകൊണ്ടു ഫലമില്ലെന്നോ കരുതുന്നതു തീരെ തെറ്റാണെന്നു എനിക്കു തോന്നുന്നു. ഇന്നത്തെ നിലക്കു ഭാവിപൗരന്മാരായി ജീവിക്കേണ്ടവരായ വിദ്യാർത്ഥികൾക്കു സമാധാനമായും ഏകയോഗക്ഷേമമായും ജീവിക്കുന്നതിനു് സഹകരണവും കൃഷിയും വേണമെന്നു പറയുന്നതിൽ വലിയ തെറ്റുണ്ടെന്നു തോന്നുന്നില്ല. പുരോഗതിയിലേക്കു പ്രയാണം ചെയ്യുകൊണ്ടിരിക്കുന്ന ജനങ്ങൾക്കു ഇന്നത്തെ ജോമട്രിയും, ഫിസിക്സും, ആൾജിബ്രായും എ+ബി+സി ഇവകൾ കണക്കുകളും മറ്റും പഠിപ്പിച്ചുവിട്ടതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. ഇന്നുണ്ടായിട്ടുള്ള വിപത്തിനെല്ലാം കാരണം ഈമാതിരിയുള്ള വിദ്യാഭ്യാസമാണെന്നു ലോകം മുഴുവൻ സമ്മതിക്കുന്നുണ്ട്. എന്നാൽ അവയെക്കാൾ അത്യാവശ്യമായിട്ടുള്ളതു സഹകരണവും കൃഷിയുമാണെന്നുള്ളതു സുവ്യവഗതമായിട്ടുള്ള ഒരു സംഗതിയാണ്. നമ്മുടെ കേരളത്തെസംബന്ധിച്ചിടത്തോളം ജ്യോമട്രിയും, പ്രകൃതിശാസ്ത്രവും പഠിപ്പിക്കുന്നതിനേക്കാൾ യഥാർത്ഥത്തിൽ പ്രഥമസ്ഥാനം നൽകേണ്ടതു സഹകരണത്തിനും കൃഷിക്കും ആണെന്നുള്ളതു നമുക്കേവർക്കും അറിയാം.

എന്റെ ഒരു ബഹുമാന്യസ്നേഹിതൻ ഇവിടെ പറയുകയുണ്ടായി, പത്തോ പതിനഞ്ചോ കൊല്ലങ്ങൾക്കുമുമ്പു് ചില ഹൈസ്ക്കൂളുകളിൽ ഈ വിഷയങ്ങൾ ഏർപ്പെടുത്തി എന്നും എന്നാൽ അവ പുരോഗതിയിലേക്കു പോകുന്നതിനു പകരം പരാജയത്തിലാണു വന്നവസാനിച്ചതു് എന്നും. അതുകൊണ്ടു പിന്നെ പഠിപ്പിച്ചില്ല എന്നും. എന്നാൽ പരാജയത്തിൽ വന്നവസാനിച്ചതുകൊണ്ടതു മാറ്റി എന്നു എനിക്കു തോന്നുന്നില്ല. ഏതായാലും അതു് അതങ്ങനെ നിൽക്കട്ടെ.

ഈ വിഷയങ്ങൾ ഹൈസ്ക്കൂൾ ക്ലാസുകളിൽ അതായതു് ഫോർത്തുഫാറം മുതൽ സിക്സ്ത്ഫാറംവരെ നിർബന്ധവിഷയമാക്കാൻ സാധിക്കുമെന്നും ഇന്നത്തെ പൗരധർമ്മം പഠിപ്പിക്കുന്ന രീതിയിൽ അതിനൊരു പ്രത്യേക സിലബസ്സുണ്ടാക്കി അതിന്റെ പ്രാഥമിക തത്വങ്ങൾ പഠിപ്പിക്കാൻ ഏർപ്പാടു ചെയ്യുന്നതിനു ഗവർമ്മെണ്ടിനു വലിയ വിഷമമുണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല. സഹകരണവിഷയം ഒന്നോ രണ്ടോ ഗ്രേഡുകളായി തിരിച്ചു് അങ്ങനെ ഏതാനും പാഠങ്ങൾ സഹകരണത്തെ സംബന്ധിച്ചും കൃഷിയെ സംബന്ധിച്ചും പഠിപ്പിക്കാവുന്ന രീതിയിൽ ഒരു ഗ്രേഡുവെക്കുകയും അതനുസരിച്ചുള്ള സിലബസ്സുണ്ടാക്കുകയുമാണെങ്കിൽ ഫോർത്തുഫാറം മുതൽ സിക്സ്ത്ഫാറംവരെയുള്ള മൂന്നുകൊല്ലംകൊണ്ടു് സഹകരണതത്വത്തിന്റെ പ്രാഥമികപാഠങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നതിനും പ്രായോഗികമായി പ്രവർത്തിപഥത്തിൽ എത്തിക്കുന്നതിനും സാധിക്കുന്നതാണ്. ഈ രീതിയിൽ ഈ വിഷയങ്ങൾ അതായതു കൃഷിയും സഹകരണവും നിർബന്ധിതമാക്കിക്കൊണ്ടുപോകുവാൻ സാധിക്കുമെന്നും ഇന്നു നമ്മുടെ ഭാവിപൗരന്മാരായ വിദ്യാർത്ഥികൾക്കു താല്പര്യമുള്ളവിധം അവരുടെ യുക്തിക്കു അനുസരണമായി കൂടുതൽ പ്രയോഗത്തിൽ വരുത്തുവാനും സാധിക്കുമെന്നാണെനിക്കു തോന്നുന്നതു്. ഏതായാലും ഒരു മെമ്പർ

LIBRARY ARCHIVES Kerala Legislative Assembly

[Sri Sebastian Thoppil]

ഇവിടെ സൂചിപ്പിച്ചതുപോലെ അസ്സിവാരവിദ്യാഭ്യാസത്തിൽ അതായതു് ബേസിക്കു് എഡ്യൂക്കേഷൻ സ്കീമിൽ ഇതുകൂടി ഉൾപ്പെടുത്തി ഈ പാഠങ്ങൾ പഠിപ്പിക്കുകയാണെങ്കിൽ വിദ്യാർത്ഥികൾക്കു വലിയ വിഷമം കൂടാതെ കണ്ടുപഠിക്കുവാൻ സാധിക്കുമെന്നുള്ള എന്റെ അഭിപ്രായത്തെ ഞാൻ ഈ സഭസ്സിനെ അറിയിച്ചുകൊള്ളുന്നു.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: സർ, പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. നമ്മുടെ നാട്ടിന്റെ സ്ഥിതിക്കും ഇന്നത്തെ കാലസ്ഥിതിക്കും എന്തുകൊണ്ടും അത്യാവശ്യമായ ഒരു കാര്യം ഇങ്ങനെ ഒരു പ്രമേയംമൂലം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിയതിൽ എന്റെ സ്നേഹിതൻ ശ്രീ. കെ. കെ. വിശ്വനാഥൻ അഭിനന്ദനാർഹനാണു്. വിദ്യാഭ്യാസം കഴിഞ്ഞു മറ്റു ജോലിയില്ലാതെ വീടുകളിൽ നിൽക്കുന്ന മിക്കവാറും ചെറുപ്പക്കാർക്കു കർഷകവൃത്തിയിൽ ഏർപ്പെടുന്നതിനു തീരെ താൽപര്യമില്ലാത്തതായിട്ടാണു് സാധാരണ കാണാവുള്ളതു്. അവർക്കു കൃഷിസംബന്ധിച്ചു കുറ്റങ്ങളിൽ യാതൊരു പരിശീലനവും ഇല്ലാത്തതാണു് അതിന്റെ പ്രധാനകാരണം. വിദ്യാഭ്യാസം കഴിഞ്ഞു വീട്ടിൽ നിൽക്കുന്ന ചെറുപ്പക്കാരെ കൃഷിപ്പണിയിലൊ കച്ചവടത്തിലൊ മറ്റെന്തെങ്കിലും തൊഴിലിലോ ഏർപ്പെടുത്തണമെന്നു മാതാപിതാക്കന്മാർക്കു് താൽപര്യമുണ്ടായാലും മിക്ക ചെറുപ്പക്കാരും അതിനെ അനുകൂലിക്കുവാൻ വിമുഖതയുള്ളവരായിട്ടാണു് അനുഭവപ്പെട്ടിട്ടുള്ളതു്. കൃഷിസംബന്ധിച്ചു ജീവിതവൃത്തികളിൽ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്കുവേണ്ടത്ര അറിവൊ പ്രായോഗിക പരിശീലനമൊ ലഭിക്കുന്നില്ല അധികം മുളകൾക്കും അതിലൊരു അഭിരുചിയുമില്ലാത്തതായിട്ടാണു് കാണുന്നതു്. തന്നിമിത്തം വിദ്യാഭ്യാസം സിദ്ധിച്ച ചെറുപ്പക്കാരുടെ ഇടയിൽ തൊഴിലില്ലായ്മ വളരെ വർദ്ധിച്ചിട്ടുണ്ടു്. വിദ്യാർത്ഥികൾക്കു സ്കൂളിൽവച്ചുതന്നെ കൃഷിയെ സംബന്ധിച്ചു വേണ്ടത്ര അറിവും പ്രായോഗിക പരിശീലനവും നൽകാൻ സാധിക്കുമെങ്കിൽ അതു വളരെ പ്രയോജനപ്രദമായിരിക്കും. കൃഷിസംബന്ധിച്ചു പരിശീലനം സിദ്ധിക്കുന്നതോടുകൂടിത്തന്നെ കൃഷിവൃത്തിയുടെ മാഹാത്മ്യവും സ്വതന്ത്രമായ ഒരു ജീവിതത്തിനു ഒരുത്തനെ പ്രാപ്തനാക്കുന്ന കാര്യവും അവർക്കു മനസ്സിലാകുന്നതാണു്. ഉൽകൃഷ്ടവും സ്വതന്ത്രവുമായ ഒരു ജീവിതവൃത്തിയാണു് കൃഷിയെന്നു വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള നമ്മുടെ ചെറുപ്പക്കാർ മനസ്സിലാക്കാത്തതാണു് കൃഷിവൃത്തിയുടെ നേർക്കു ഇന്നു വർക്കുള്ള അവജ്ഞയ്ക്കു കാരണം. അങ്ങനെ കൃഷികാര്യം പഠിക്കുന്നതോടുകൂടി സ്വതന്ത്രമായ ജീവിത വൃത്തികളിലേർപ്പെട്ടു് സ്വാശ്രയശീലവും ചുമതലബോധവുമുള്ള പൗരന്മാരായി ജീവിക്കുന്നതിനു വേണ്ട അഭ്യസനവും അവർക്കു സിദ്ധിക്കുന്നതാണു്. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ചെറുപ്പക്കാരുടെയിടയിൽ തൊഴിലില്ലായ്മ വർദ്ധിച്ചാലത്തെ അനുഭവം എന്താണെന്നു നമുക്കെല്ലാവർക്കും അറിയാം. വീട്ടിലും നാട്ടിലും അതുകൊണ്ടു പലവിധത്തിലുമുള്ള അസ്വസ്ഥതകളും ഉണ്ടാകുന്നതാണു്. പ്രത്യേകിച്ചു് പലതരം ചിന്താഗതിക്കാരുള്ള ഈ നാട്ടിൽ ഇന്നത്തെ കാലത്തു ചെറുപ്പക്കാരുടെയിടയിലെ തൊഴിലില്ലായ്മകൊണ്ടു് പല അപകടങ്ങളും ഉണ്ടാകാൻ എളുപ്പമുണ്ടു്. നേരെമറിച്ചു് അവർക്കു കൃഷിത്തൊഴിലിൽ വേണ്ടത്ര പരിശീലനവും വാസനയും ഉണ്ടെങ്കിൽ കുടുംബത്തിനും നാട്ടിനും ഭാരമാകാതെ അവർക്കു സ്വപ്രയത്നംകൊണ്ടുതന്നെ മാന്യമായി ജീവിതം നയിക്കാൻ സാധിക്കും. നാട്ടിൽ തൊഴിലില്ലായ്മയും അസ്വസ്ഥതകളും കുറയും. വിഭവങ്ങൾ വർദ്ധിക്കും. അങ്ങിനെ തങ്ങൾക്കുതന്നെയും നാടിനും അതു പ്രയോജനപ്രദമായിത്തീരും.

LIBRARY ARCHIVES Kerala Legislative Assembly

സ്കൂളിൽ ഇപ്പോൾതന്നെ ധാരാളം വിഷയങ്ങൾ പഠിപ്പിക്കാനുണ്ട്; അതുതന്നെ പഠിക്കാനും പഠിപ്പിക്കാനും പ്രയാസമായിരിക്കുന്ന സമിതിക്ക് കൂടിക്കൂടി ഉൾപ്പെടുത്തിയാൽ അദ്ധ്യാപകന്മാരും വിദ്യാർത്ഥികളും വിഷമിച്ചു പോകും എന്നുള്ള എന്റെ ചില സ്നേഹിതന്മാരുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല. ശവമ്മേണ്ട് ഒരു തീരുമാനമെടുത്തു് ഈ വിഷയം പാഠപദ്ധതിയിൽ ഉൾപ്പെടുത്തി അദ്ധ്യയനം നടത്തുന്നതിനു വേണ്ട എടുപ്പാടുകൾ ചെയ്യാൽ അതു വഴിപോലെ നടന്നുകൊള്ളും.

ഇനി എനിക്കു പറയുവാനുള്ളതു് സഹകരണത്തെപ്പറ്റിയാണു്. സാമൂഹ്യ ജീവിതത്തിന്റെ അടിസ്ഥാനംതന്നെ സഹകരണമാണു്. സഹകരണം ഇല്ലെങ്കിൽ മനുഷ്യജീവിതംതന്നെ സാദ്ധ്യമല്ല. അങ്ങിനെയിരിക്കുന്ന സഹകരണം നമ്മുടെ കുട്ടികളെ സ്കൂളിൽവച്ചു് അഭ്യസിപ്പിക്കണമെന്നു പറയുമ്പോൾ, സഹകരണമെന്നു് ഒരു വലിയ പുസ്തകമുണ്ടു്, അതിനു കുറെ പേജുകളുണ്ടു്, അതിൽ കുറെ അധികം കാര്യങ്ങൾ പറയുന്നുണ്ടു്, അതുമുഴുവൻ പഠിക്കണമെങ്കിലും പഠിപ്പിക്കണമെങ്കിലും വളരെ ബുദ്ധിമുട്ടുണ്ടു് എന്നൊക്കെ വാദിക്കുന്ന വരോടു യോജിക്കുവാൻ എനിക്കു നിവൃത്തിയില്ല. സഹകരണതത്വങ്ങളും സഹകരണപ്രസ്ഥാനവും വേണ്ടപോലെ പ്രചരിച്ചിട്ടില്ലാത്തതാണു് ഇന്നു് ഈ നാട്ടിൽ കാണുന്ന പല കുഴപ്പങ്ങൾക്കും കാരണമെന്നു് എല്ലാവർക്കും അറിയാം. സഹകരണപ്രസ്ഥാനത്തെപ്പറ്റി എത്രമാത്രം തെറ്റിദ്ധാരണയും അവജ്ഞയും എത്രമാത്രമാണു് ഈ നാട്ടിലുള്ളതെന്നു് ഏറെക്കുറെ മനസ്സിലാക്കുന്നതിനു് എനിക്കു് സാധിച്ചിട്ടുണ്ടു്. ലാൻഡു കമ്മറിയിലെ അംഗമെന്നനിലക്കു് സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും സഞ്ചരിച്ചു് പലയാളുകളുമായി സംസാരിക്കാനിടയായതിൽനിന്നു ജനങ്ങളുടെയിടയിൽ സഹകരണപ്രസ്ഥാനത്തെക്കുറിച്ചു് എത്രഭീമമായ തെറ്റിദ്ധാരണകളാണുള്ളതെന്നു് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. വളരെയധികം ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന പല കൃഷിക്കാരോടും അവരുടെ ഭൂമി സഹകരണസംഘങ്ങളെ ഏല്പിക്കുന്നതോ എന്നു ചോദിച്ചതിനു് അവരിൽനിന്നു ലഭിച്ച മറുപടികളിൽനിന്നു സഹകരണസംഘങ്ങളെപ്പറ്റി അവരുടെയിടയിലുള്ള തെറ്റിദ്ധാരണകൾ ചില്ലറയൊന്നുമല്ലെന്നു എനിക്കു മനസ്സിലായിട്ടുണ്ടു്. കടം ആവശ്യപ്പെടുമ്പോൾ രണ്ടോ നാലോ ഷെയറെടുക്കുക, ഷെയറിന്റെ തോതനുസരിച്ചു കടം എടുക്കുക, കടംതീരുമ്പോൾ ഷെയറു് ആർക്കെങ്കിലും വിറ്റു സംഘവുമായുള്ള ബന്ധം വിടുവിക്കുക, ഇതാണു് സഹകരണസംഘങ്ങളെ സംബന്ധിച്ചിടത്തോളം നമ്മുടെ നാട്ടിലെ ആളുകൾക്കു സ്വീകരിച്ചിട്ടുള്ള നടപടി. ഇങ്ങനെ കടംവാങ്ങാൻ മാത്രമുള്ള ഒരേർപ്പാടാണു് അധികമാളുകളെ സംബന്ധിച്ചിടത്തോളം സഹകരണസംഘങ്ങൾ. ചില സഹകരണസംഘങ്ങളിൽ ചില്ലറ കളവുകളും അഴിമതികളും നടക്കുന്നുണ്ടെന്നു ഞാനും സമ്മതിക്കാം. സഹകരണപ്രസ്ഥാനം നല്ലതാണെന്നും, അതു അങ്ങിനെ ജീവിപ്പെടുത്തിക്കൊണ്ടുവരേണ്ടതാണെന്നും, അതു ശരിയായി പ്രചരിപ്പിച്ചാൽ അതിനോളം ഉത്തമമായ മറ്റു യാതൊരു പ്രസ്ഥാനവും ലോകത്തിലില്ലെന്നും ജനങ്ങളെ മനസ്സിലാക്കേണ്ടതു ഇന്നു വളരെ അത്യാവശ്യമാണു്. അതിലേക്കു സ്കൂളിൽവച്ചുതന്നെ നമ്മുടെ ചെറുപ്പക്കാർക്കു സഹകരണവിദ്യാഭ്യാസം നൽകുകയാണു് വേണ്ടതു്. അതുകൊണ്ടു് നമ്മുടെ നാട്ടിനും ഇന്നത്തെ കാലത്തിനും എത്രയും അത്യാവശ്യമായ ഒരു കാര്യമാണു് ഈ പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതെന്നു് ഞാനും സമ്മതിക്കും. അതു തക്കസമയത്തുതന്നെയാണു് എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിരിക്കുന്നതു്. ഈ പ്രമേയം സഭ സ്വീകരിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ബാലകൃഷ്ണൻനമ്പി: വാണിജ്യവ്യവസായങ്ങളും കൂടി പഠിപ്പിക്കേണ്ടതു ആവശ്യമല്ലേ?

Sri. D. Gnanasigamoni: Sir, I move for a closure.

The motion for closure was put and lost.

ശ്രീ. പി. കെ. പോൾ: എന്റെ സ്നേഹിതൻ ശ്രീ. കെ. കെ. വിശ്വനാഥൻ അവർകളുടെ പ്രമേയത്തെപ്പറ്റി രണ്ടുവാക്കു സംസാരിക്കാൻ സന്ദർഭം ലഭിച്ചതിൽ എനിക്കു് അതിയായ സന്തോഷമുണ്ടു്. ഒരു നല്ല അയൽക്കാരൻ എന്ന നിലയിൽ നോക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രമേയത്തെ അനുകൂലിക്കാതിരിക്കാൻ നിവൃത്തിയില്ല. എന്നാൽ അതോടൊപ്പം തന്നെ ഇതു പ്രയോഗത്തിൽ കൊണ്ടുവരുന്നതിനു ചില പ്രയാസങ്ങളും ഉള്ളതുകൊണ്ടു് അതു പറയാതിരിക്കാനും നിവൃത്തിയില്ല. വളരെ അഭികാമ്യമായ ഒരു ആദർശംതന്നെയാണു് ഈ പ്രമേയത്തിൽ അടങ്ങിയിരിക്കുന്നതു്. എന്നാൽ എതു ആദർശപരമായ കാര്യത്തിനും പ്രായോഗികമായ ഒരുവശം കൂടിയുണ്ടു്. സഹകരണപ്രസ്ഥാനം വളരെ നല്ലതാണെന്നുള്ളതിനെപ്പറ്റി ആർക്കും ഒരു അഭിപ്രായവ്യത്യാസവും ഇല്ല. അതു് വിശ്വവ്യാപകമായ ഒരു പ്രസ്ഥാനമാണു്. വളരെ ഉത്തമമായ ഒന്നുതന്നെ, സംശയമില്ല. പക്ഷേ സ്കൂളുകളിൽ അതു പഠിപ്പിക്കുന്നതിനു എത്രമാത്രം സാദ്ധ്യതകളുണ്ടെന്നു് പ്രായോഗികമായി ചിന്തിച്ചാൽ അതിനു കുറച്ചു ബുദ്ധിമുട്ടുണ്ടെന്നു കാണാൻ കഴിയും. ഇപ്പോൾതന്നെ വളരെ വിഷയങ്ങളും കൂടുതൽ പഠിപ്പിക്കാനുണ്ടു്. വളരെ നല്ല കാര്യങ്ങളായാലും പലതും കുറച്ചുകുറച്ചു അറിഞ്ഞിരിക്കുന്നതു അപകടമാണു്. മുറിവൈദ്യന്മാരെക്കൊണ്ടുള്ള അപകടം പോലെയാണു് പലകാര്യങ്ങളും അല്പാല്പം അറിയുന്നതുകൊണ്ടുള്ള അപത്തും. പലവിദ്യകളും കുറച്ചുകുറച്ചറിയുന്നതിനേക്കാൾ നല്ലതു കുറച്ചായാലും പഠിക്കുന്ന വിദ്യകൾ ശരിയായും മുഴുവനായും പഠിക്കുക. ഈ വിഷയങ്ങളും പഠിപ്പിക്കുന്നതിനു് എന്തെങ്കിലും കൂടുതൽ പണച്ചിലവു് ആവശ്യപ്പെട്ടാൽ നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അതനുവദിക്കുകയില്ലെന്നു എനിക്കു് നിശ്ചയമുണ്ടു്. അതുകൊണ്ടു് കൂടുതൽ പണച്ചിലവുണ്ടാകാത്ത ഒരു പദ്ധതിയെപ്പറ്റിയേ നാം ചിന്തിച്ചിട്ടു കാര്യമുള്ളൂ.

കുഞ്ഞുങ്ങളെ ചികിത്സിക്കുന്ന നല്ല വൈദ്യന്മാർ പലപ്പോഴും ശിശുവിന്റെ രോഗത്തിന്റെ നിദാനം തള്ളയുടെ അനാരോഗ്യമാണെന്നു മനസ്സിലാക്കി അതിനു പ്രതിവിധി ചെയ്യുന്നതുപോലെയാണു് ഇക്കാര്യത്തിൽ നമുക്കു് പ്രവർത്തിക്കേണ്ടിയിരിക്കുന്നതു്. നമ്മുടെ കുട്ടികളെ സഹകരണം പഠിപ്പിക്കണമെങ്കിൽ അതിനു സഹകരണപരിശീലനം സിദ്ധിച്ചിട്ടുള്ള അദ്ധ്യാപകന്മാർ വേണം. അതുകൊണ്ടു് കുട്ടികളെ സഹകരണം പഠിപ്പിക്കുന്നതിനുമുമ്പു് അതു് അദ്ധ്യാപകന്മാരെ പഠിപ്പിക്കുന്നതിനു് ഏർപ്പാടു ചെയ്യണമെന്നാണു് എന്റെ നിർദ്ദേശം. ടെയിനിംഗ് ക്ലാസുകളിൽ അദ്ധ്യാപകന്മാർക്കു് സഹകരണപരിശീലനം നല്കാൻ ഏർപ്പാടു ചെയ്യുകയാണു് പ്രായോഗികമായ ഒരു മാർഗ്ഗം. അതിനു പ്രത്യേകം പണച്ചിലവില്ലാത്തതുകൊണ്ടു് ധനകാര്യമന്ത്രിയുടെ എതിർപ്പുണ്ടാകാനും ഇടയില്ല.

எஸ். சி. தம்பிநாதநாடார்: தனகாரிய சௌகரியமில்லாததினால் இந்த பத்ததியைக் கொண்டுவர முடியாது என்று?

ശ്രീ. പി. കെ. പോൾ: അതു മാത്രമല്ല, അദ്ധ്യാപകന്മാർക്കു് ഈ വിഷയത്തിൽ നൈപുണ്യം സിദ്ധിച്ചുവരുമ്പോൾ അവരെ അതു പാഠപദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: അദ്ധ്യാപകന്മാരെ പഠിപ്പിക്കാൻ കുറെ അദ്ധ്യാപകന്മാർ വേണ്ടയോ?

Sri. P. K. Paul: The time allotted to me is too short and therefore I am orry that I cannot yield to questions now. മറെറാരു നിർദ്ദേശം കൂടിയുണ്ട്. ഈ വിഷയങ്ങളെ സംബന്ധിച്ചിടത്തോളം പുതിയ പുസ്തകങ്ങൾ പ്രത്യേകം ഉണ്ടാക്കാതെതന്നെ ഇപ്പോഴുള്ള പുസ്തകങ്ങളിൽ ഇതിനെ സംബന്ധിച്ചും സാമാന്യം അറിവു ലഭിക്കത്തക്കവണ്ണം ചില പാഠങ്ങൾ ഉൾപ്പെടുത്താവുന്നതാണ്. പ്രത്യേക പണച്ചിലവും സമയനഷ്ടവും കൂടാതെ ഈ പദ്ധതിമൂലം വിദ്യാർത്ഥികൾക്ക് ഈ വിഷയത്തിൽ കൂടുതൽ പരിശീലനം നല്കാൻ സാധിക്കും. അതാണ് ഞാൻ കാണുന്ന ഏറെറവും ഉത്തമമായ മാർഗ്ഗം. അങ്ങിനെ നോക്കുമ്പോൾ ഈ പ്രമേയത്തിൽ അത്ര ശക്തിയായി എതിർക്കാനൊ പിൻതാങ്ങാനൊ ഒന്നും കാണുന്നില്ലന്ന പ്രസ്താവിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. എം. വർഗ്ഗീസ്: ഈ രാജ്യത്തെ ജനങ്ങളിൽ ഭൂരിഭാഗവും കൃഷിക്കാരാണ്. സഹകരണപ്രസ്ഥാനവും ഈ നാട്ടിൽ വളരെ സജീവമായിട്ടുള്ള ഒന്നാണ്. അതിനുവേണ്ടി ഗവണ്മെണ്ടിൽനിന്നും ഇപ്പോൾ വേണ്ട പ്രോത്സാഹനവും നല്കുന്നുണ്ട്. എന്നാൽ ഇതിനു ഒരു ശാസ്ത്രമുണ്ടെന്നും ആ ശാസ്ത്രം എല്ലാവരും പഠിച്ചിരിക്കണ്ടതാണെന്നും ഉള്ള സംഗതി ഏതാണ്ട് വിസ്മരിക്കപ്പെട്ടിരിക്കയാണെന്നാണ് എനിക്ക് തോന്നുന്നതു. കൃഷിശാസ്ത്രം സ്കൂളുകളിൽ പഠിപ്പിക്കുന്നതിനു പ്രത്യേകമായിട്ട പല വൈഷമ്യങ്ങളുമുണ്ടെന്ന് ഇവിടത്തെ അദ്ധ്യാപകന്മാരായിട്ടുള്ള ചില ബഹുമാനപ്പെട്ട മെമ്പറന്മാർ പ്രസ്താവിച്ചുകേട്ടു. പ്രയാസങ്ങൾ ഉണ്ടെന്നുള്ളതു പരമാർത്ഥം തന്നെ. എന്നാൽ ഏതു കാര്യത്തിനാണ് ചില പ്രയാസങ്ങൾ ഇല്ലാത്തതു? ആ പ്രയാസങ്ങളെ തരണം ചെയ്യുന്നതിനുള്ള ചില മാർഗ്ഗങ്ങളുമുണ്ടെന്നാണ് എനിക്ക് അവരോട് പറയാനുള്ളതു. ഈ അടുത്തൊരവസരത്തിൽ ഈ സഭയിലെ ഒരു ബഹുമാനപ്പെട്ട മെമ്പർ ഈ രാജ്യത്തെ ഫുഡ് പ്രൊഡക്ഷൻ ബോർഡ് ചെയർമാൻ മുഖേനകൊണ്ട് വളം ഉണ്ടാക്കാമെന്നു പറഞ്ഞതിനെപ്പററി വളരെ ഹാസ്യമായി സംസാരിക്കുന്നതു കേൾക്കാനിടയായി. എന്നാൽ മുഖം ശാസ്ത്രീയമായി വിശകലനം ചെയ്തു പരിശോധിച്ചുനോക്കുമ്പോൾ അതിൽ വളത്തിന്റെ അംശമുണ്ടെന്നും ആ വളം കൃഷിക്ക് ഉപയോഗപ്പെടുത്താമെന്നും ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിട്ടുണ്ട്. ഈ പരമാർത്ഥം മനസ്സിലാക്കുകയും അതു പ്രയോഗത്തിൽ കൊണ്ടുവരാൻ സാധിക്കുമെന്ന് ബോദ്ധ്യമാവുകയും ചെയ്തിരുന്നുവെങ്കിൽ ആ ബഹുമാനപ്പെട്ട മെമ്പർ അത്തരത്തിലുള്ള ഒരു പ്രസംഗം ചെയ്യുകയില്ലായിരുന്നു. സ്കൂളുകളിൽ പ്രത്യേകമായ സജ്ജീകരണങ്ങളൊന്നും കൂടാതെതന്നെ കൃഷിയെപ്പററി പല സംഗതികളും വിദ്യാർത്ഥികളെ പഠിപ്പിക്കാൻ സാധിക്കും. നമ്മുടെ നാട്ടിലെ മിക്കവാറും സ്കൂളുകളുടെ സമീപത്തു കൃഷിസ്ഥലങ്ങൾ ഉണ്ട്. നമ്മുടെ നാട്ടിന്റെ പല ഭാഗങ്ങളിലും അതുകൊണ്ടുതന്നെ ഡമോൺസ്ട്രേറ്റർമാരും ഉണ്ട്. സ്കൂളിനടുത്തുള്ള കൃഷിസ്ഥലങ്ങളിൽവച്ചു അവിടത്തേക്ക് ആവശ്യമായ കമ്പോസ്റ്റ്വളം നിർമ്മിക്കുന്നതിനു വിദ്യാർത്ഥികൾക്ക് പ്രായോഗികമായ പരിശീലനം കൊടുക്കാൻ യാതൊരു പ്രയാസവുമില്ലെന്നാണ് എനിക്ക് തോന്നുന്നതു. ഇന്നു കടലാസിൽ അച്ചടിച്ചിറക്കിയിട്ടുള്ള പല പരസ്യങ്ങളും നാം വായിക്കുന്നുണ്ട്. ആ പരസ്യങ്ങൾ വായിച്ചു കമ്പോസ്റ്റ്വളം നിർമ്മിക്കുന്നതിനു ആരെങ്കിലും ശ്രമിക്കുന്നുണ്ടോ എന്നു വളരെ സംശയമാണ്. കമ്പോസ്റ്റ് വളനിർമ്മാണം വളരെ എളുപ്പത്തിൽ പ്രയോഗത്തിൽ കൊണ്ടുവരാൻ സാധിക്കുന്ന ഒരു പദ്ധതിയാണ്, ഓരോ

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. M. Verghese]

രത്തരം ശ്രമിക്കുകയാണെങ്കിൽ അവരവരുടെ വീടുകളിൽതന്നെ ആവശ്യമുള്ള കമ്പോസ്റ്റുവളമുണ്ടാക്കാൻ സാധിക്കുന്നതാണ്. ഈ സംഗതി നാം മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ അതിനുവേണ്ട പരിശീലനം ജനങ്ങൾക്കു കൊടുക്കുകയാണ് വേണ്ടതു്. സ്കൂളുകളിൽ വിദ്യാർത്ഥികൾ മലമൂത്രവിസർജ്ജനം ചെയ്യുന്നതുതന്നെ കമ്പോസ്റ്റു വളനിർമ്മാണത്തിനു് ഉപയോഗിക്കാവുന്നതാണ്. ഇന്നത്തെ കൃഷിഡിപ്പാർട്ടുമെണ്ടിൽനിന്നും ഇതിനുവേണ്ട ഏർപ്പാടുകൾ ചെയ്യാൽ ഇതു് നിഷ്പ്രയാസം സാധിക്കും. സഹകരണപ്രസ്ഥാനത്തെപ്പറ്റിയും സ്കൂളിൽവച്ചു് കുട്ടികൾക്കു് ചെറിയചെറിയ തോതിൽ പരിജ്ഞാനം നല്കാൻ സാധിക്കും. കുട്ടികളിൽ ചെറുപ്പകാലം മുതൽക്കുതന്നെ മിതവ്യയശീലം പരിശീലിപ്പിക്കുന്നതിനു് ശ്രമിക്കേണ്ടതാണ്. അതിനു ഇന്നത്തെ അദ്ധ്യാപകന്മാർക്കു് സാധിക്കുമോ ഇല്ലയോ എന്നു് ചോദിച്ചാൽ അവർക്കു അതിനു സാദ്ധ്യമല്ലെന്നുള്ളതിന്റെ ലക്ഷണമാണു് ഇവിടത്തെ അദ്ധ്യാപകന്മാരായിട്ടുള്ള ബഹുമാനപ്പെട്ട മെമ്പറന്മാരുടെ പ്രസംഗങ്ങളിൽ കാണുന്നതു്. അദ്ധ്യാപകന്മാർക്കു് ഇതു വളരെ പ്രയാസമുള്ള ഒരു കാര്യമായിട്ടു തോന്നുന്നുണ്ടെങ്കിലും കൃഷിക്കാരായ ആളുകൾക്കു് അതിൽ എന്തെങ്കിലും പ്രയാസം ഉണ്ടാകുമെന്നു തോന്നുന്നില്ല. എന്നാൽ കൃഷിക്കാരെ സ്കൂളിൽ അദ്ധ്യാപകന്മാരാക്കുക എന്നുവച്ചാൽ അതു സാദ്ധ്യമല്ല. അതുകൊണ്ടു് എന്റെ നിർദ്ദേശം സ്കൂളുകളിൽ വിദ്യാർത്ഥികളെ ഡ്രിൽ ചെയ്യിക്കുന്നതുപോലെ ആഴ്ചയിൽ ഒന്നോ രണ്ടോ പീരിഡെങ്കിലും കൃഷിഡിപ്പാർട്ടുമെണ്ടിലെ ഇൻസ്പെക്ടറന്മാരേയോ ഡമോൺസ്ട്രേറന്മാരേയൊക്കൊണ്ടു് വിദ്യാർത്ഥികൾക്കു് കൃഷിപരിശീലനം നൽകുന്നതിനു് ഏർപ്പാടു ചെയ്യണമെന്നാണു്. സ്കൂളുകൾ കൂടുതുതന്നെ കൃഷിസ്ഥലങ്ങളുള്ളതുകൊണ്ടു് അതിനു പ്രത്യേക പ്രയാസവുമില്ല. ഈ പ്രമേയം അതേപടി സ്വീകരിക്കുന്നതിനു് പ്രായോഗിക വൈഷമ്യങ്ങൾ ഉള്ളപക്ഷം ഞാൻ നിർദ്ദേശിച്ചുമാതിരി ചില്ലറ കാര്യങ്ങളെങ്കിലും ഉടനെ ചെയ്യുന്നതിനു് ഏർപ്പാടു ചെയ്യണമെന്നാണു് എനിക്കു് ഗവണ്മെണ്ടിനോടു് അഭ്യർത്ഥിക്കാനുള്ളതു്.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ : മണി നാലര ആയിരിക്കുന്നതിനാൽ ഇനി നടക്കുന്ന അനുസരിച്ചുള്ള ചർച്ച് ഇപ്പോൾ ആരംഭിക്കുന്നതാണു്.

DISCUSSION UNDER RULE 25 REGARDING SALT WORKS AT MALIPURAM DEPOT.

ശ്രീ. എം. ഐ. പോൾ: സർ, എന്റെ ഈ വാദത്തിൽ രണ്ടു വിഷയമാണു് ഉൾക്കൊണ്ടിരിക്കുന്നതു്. ഒന്നു് മാലിപ്പുറം ഉപ്പു ഡിപ്പോ സംബന്ധിച്ചും രണ്ടാമത്തേതു് അവിടത്തെ തൊഴിലാളികളെ സംബന്ധിച്ചുമാണു്. ഈ ഉപ്പു ഡിപ്പോ അവിടെ സ്ഥാപിതമായിട്ടു് കുറെ കൊല്ലങ്ങൾ കഴിഞ്ഞു. ഇവിടെ ജോലിയെടുത്തുകൊണ്ടിരിക്കുന്ന ആളുകൾ, അവരുടെ കാരണവന്മാർ ഇവിടെ ആദ്യമായി ജോലി എടുക്കുകയും ഒരു പരമ്പരാവകാശം എന്ന നിലയിൽ അവർ ഇന്നു് ഈ ജോലി നടത്തികൊണ്ടുവരികയും അതിനു അവർക്കു് ഗവണ്മെണ്ടു് അനുമതി നൽകുകയും ചെയ്തിട്ടുണ്ടു്. അതിന്റെ ഫലമായിട്ടാണു് ഇന്നും ഈ ജോലിക്കാർ ഇവിടെ ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതു്. ഏകദേശം 90 തൊഴിലാളികളോളം ജോലിചെയ്യുന്ന ഒരു ഡിപ്പോയാണു് ഇതു്. അവർക്കു് ഒന്നരരൂപാ മുതൽ നാലു രൂപാവരെ, ഒരാഴ്ചയിൽ കൂലി കിട്ടുന്നുണ്ടു്. സൂക്ഷിച്ചു കണക്കുകയാണെങ്കിൽ നാലു രൂപാ മാത്രമേ അവർക്കു കിട്ടുന്നുള്ളൂ. ശരാശരി വരുമാനം നോക്കുകയാണെങ്കിൽ ഒരു തൊഴിലാളിക്കു് ഒരു ദിവസം വ അണ മുതൽ 4 അണവരെ പക്ഷേ കിട്ടിയേക്കാം. ആഴ്ചയിൽ മൂന്നു ദിവസമോ നാലുദി

LIBRARY ARCHIVES Kerala Legislative Assembly